മി. സ്പീക്കർ : ഓർഡർ.......ഓർഡർ..... ചോദ്യം നമ്പർ *301.

(കേരള സംസ്ഥാന ബാലാവകാശ കമ്മീഷനിലെ രണ്ടംഗങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പുമന്ത്രി അധികാര ദുർവിനിയോഗം നടത്തിയതായി ഹൈക്കോടതി പരാമർശമുണ്ടായതിനാൽ ആരോഗ്യവകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് ചോദ്യോത്തര വേള ആരംഭിച്ചപ്പോൾതന്നെ പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുമായി അവരവരുടെ ഇരിപ്പിടങ്ങളിൽ നിന്നെഴുന്നേറ്റ് നിന്ന് മുദ്രാവാക്യം മുഴക്കി)

**ജലപാതകളുടെ നിർമ്മാണ പുരോഗതി**

(*301) ശ്രീ. എ. എം. ആരിഫ്:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി മലിനീകരണവും ചെലവും കുറഞ്ഞ ഗതാഗത മാർഗ്ഗമായ ജലഗതാഗതം പ്രോത്സാഹിപ്പിക്കാനായി നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ:

(ബി) ദേശീയ ജലപാതയുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(സി) ചരക്കുഗതാഗതത്തിനായി കൊല്ലം-കോവളം, നീലേശ്വരം-കോട്ടപ്പുറം എന്നീ അനുബന്ധ ജലപാതകൾ വികസിപ്പിച്ച് കേരളത്തിലെ തുറമുഖങ്ങളുമായി ബന്ധിപ്പിക്കുന്ന നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) 2020-ഓടെ പൂർത്തിയാക്കുന്ന തരത്തിലാണ് ജലഗതാഗതം വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ വിഭാവന ചെയ്തിരിക്കുന്നത്. കോവളം മുതൽ നീലേശ്വരം വരെയുള്ള ജലപാതയുടെ കൊല്ലം മുതൽ കോഴിക്കോട് വരെയുള്ളത് ദേശീയ ജലപാതയാണ്. കോഴിക്കോട് മുതൽ നീലേശ്വരം വരെയുള്ള ഭാഗം സംസ്ഥാന ജലപാതയായി വികസിപ്പിക്കുന്നതിനാണ് ഊന്നൽ നൽകുന്നത്. സംസ്ഥാന ജലപാതാ വികസനത്തിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്. കോവളം മുതൽ കൊല്ലം വരെയുള്ള സംസ്ഥാന ജലപാത പൂർണ്ണമായും ഗതാഗതയോഗ്യമാക്കുന്നതിന്റെ ഭാഗമായി പാർവ്വതി പുത്തനാറിന്റെ വികസനം ലക്ഷ്യമാക്കി 80 കോടി രൂപയുടെ പദ്ധതിയാണ് വിഭാവന ചെയ്തിട്ടുള്ളത്. വർക്കല തുരങ്കങ്ങൾ വീതികൂട്ടി വികസിപ്പിക്കുന്നതിനുള്ള പഠനങ്ങൾ നടന്നുവരുന്നു. ഇതോടൊപ്പം മലബാർ മേഖലയിൽ കോഴിക്കോട് മുതൽ നീലേശ്വരം വരെ വിവിധ

പദ്ധതികൾക്കുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്.

(ബി) ദേശീയ ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങളും സംരക്ഷണവും നവീകരണവും കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (IWAI)-യുടെ കീഴിലാണ് നടപ്പിലാക്കി വരുന്നത്. കൊല്ലം മുതൽ കോട്ടപ്പുറംവരെയുള്ള 168 കിലോമീറ്റർ ഭാഗം ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

(സി) കോവളം മുതൽ നീലേശ്വരംവരെയുള്ള പ്രധാന ജലപാതയുടെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അവയെ വിവിധ തുറമുഖങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള ലിങ്ക് കനാലുകൾ നിർമ്മിക്കുന്നത് പരിശോധിക്കാൻ കഴിയുകയുള്ളൂ.

(മുദ്രാവാക്യം മുഴക്കിയശേഷം പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിൽ ഉപവിഷ്ടരായി)

ശ്രീ. എ. എം. ആരിഫ്: സർ, നമ്മുടെ രാജ്യത്താകെ 14,500 കി.മീ. ജലപാതയുള്ളതായാണ് ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ കണക്കാക്കിയിട്ടുള്ളത്. ഇതിൽ 5,200 കി. മീ. നദികളും 4,000 കി.മീ. കനാലുകളും യന്ത്രയാനങ്ങൾ ഉപയോഗിച്ച് ചരക്ക് ഗതാഗതത്തിനായി പ്രയോജനപ്പെടുത്താമെന്ന്

കണ്ടെത്തിയിട്ടുണ്ട്. അതിൽതന്നെ 1,548 കി. മീ ജലപാതയും കേരളത്തിലാണ്. ഒരുകാലത്ത് സുഗന്ധവ്യഞ്ജനങ്ങളും പലചരക്കുമെല്ലാമുൾപ്പെടുന്ന ചരക്ക് ഗതാഗതം ഈ ജലപാതയിലൂടെയായിരുന്നു. എന്നാൽ ഇന്ന് അത് പ്രയോജനപ്പെടുത്താത്ത ഏകസംസ്ഥാനം കേരളമാണെന്ന പരാതിയാണ് ഉയർന്നുവന്നുകൊണ്ടിരിക്കുന്നത്. ഇതിനൊരു പരിഹാരം കാണാനായി 2020 ടാർജറ്റ് ഡേറ്റായി കണക്കാക്കി സിയാൽ കമ്പനിയെ ചുമതലപ്പെടുത്തി ലക്ഷ്യബോധത്തോടുകൂടി വളരെ നല്ല നിലയിലുള്ള പ്രവർത്തനമാണ് ഇത് പൂർത്തീകരിക്കുന്നതിനുവേണ്ടി അങ്ങ് നിർവ്വഹിക്കുന്നത്. അതിന് അങ്ങയെ പ്രത്യേകമായി അഭിനന്ദിക്കുന്നു. കായൽ കയ്യേറ്റത്തെ തടയാനും കായൽ സൗന്ദര്യത്തെ പ്രയോജനപ്പെടുത്താനും കായലിന്റെ ഇരുകരകളിലും റോഡോ നടപ്പാതയോ നിർമ്മിച്ചും ഫിഷ്ലാന്റിംഗ് സെന്ററുകൾ സ്ഥാപിച്ചും കായലോരം ആകർഷകമാക്കുന്ന ഘടകങ്ങൾ, അതായത് ചെടികളും ഇല്യൂമിനേഷൻ ലൈറ്റുകൾ സ്ഥാപിച്ച് ടൂറിസം ആങ്കിളിൽ നിർമ്മിക്കാൻ ആവശ്യമായ നിർദ്ദേശം സിയാലിന് നൽകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ജലപാത കേരളത്തിന്റെ സ്വപ്ന പദ്ധതിയാണ്. ഇതുവരെ അത് പൂർണ്ണതയിലെത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. പല കാരണങ്ങളാൽ സാവധാനമായിപ്പോകുകയാണ്. ഇക്കാര്യത്തിൽ വേഗത

കൂട്ടുന്നതിനുവേണ്ടി സിയാലിനെ പൂർണ്ണമായി ഏൽപ്പിക്കുകയല്ല, സിയാലും കേരളാ ഗവൺമെന്റും ചേർന്ന ഒരു കമ്പനിയാണ് SPV ആയി വരുന്നത്. അതിന്റെ നേതൃത്വത്തിൽ പ്രവർത്തനം നടക്കുമ്പോൾ തീർച്ചയായും ജലഗതാഗതം മാത്രമല്ല, കോവളം മുതൽ നീലേശ്വരം-കാഞ്ഞങ്ങാട് വരെയുള്ള ഭാഗം ദീർഘമായ ജലപാതയായാണ് വരുന്നത്. ഇത് ടൂറിസ്റ്റുകൾക്ക് ഏറ്റവും ആകർഷകമായ ഒന്നായിരിക്കും. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഇതിന്റെ രണ്ടു കരയിലും ആകർഷകമായ ഒട്ടേറെ കാര്യങ്ങൾ വരും. അതിന്റെ ഭാഗമായി ജലപാതയുടെ കരയിലെ ഓരോ പ്രദേശത്തുമുള്ള പ്രത്യേക മാർക്കറ്റുകളടക്കം വികസിപ്പിച്ചുകൊണ്ടുള്ള വികസനം ഇതിന്റെ ഭാഗമായി നടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് സമയബന്ധിതമായി പൂർത്തിയാക്കാനാണ് ശ്രമിക്കുന്നത്.

ശ്രീ. എ. എം. ആരിഫ്: സർ, ഇൻലാന്റ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ ദേശീയ ജലപാതയ്ക്കായി 228.60 കോടി രൂപ ചെലവഴിച്ചതിൽ ഫലം കണ്ടില്ലെന്ന സി. ആന്റ് എ. ജി. യുടെ വിലയിരുത്തലുണ്ടായിട്ടുണ്ട്. ആദ്യഘട്ടത്തിൽ 160-ഓളം കി.മീ. കേരള സർക്കാരിന്റെ സഹായത്തോടെ പൂർത്തിയാക്കുകയും ചെയ്തു. ഇത് പ്രയോജനപ്പെടുത്താൻ വ്യാപാരികളും വ്യവസായികളും തയ്യാറാകാത്ത സാഹചര്യമുണ്ട്. തീർച്ചയായും ജലപാത പ്രയോജനപ്പെടുത്തുന്നതിന് വ്യാപാരി

സമൂഹത്തെ നിർബന്ധിപ്പിക്കുന്നതിന് ഉന്നതതല യോഗം ചേരുന്നതിനാവശ്യമായ നടപടികളും സിയാൽ കമ്പനിയിൽ ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ പങ്കാളിത്തമുള്ള സംവിധാനമാക്കി മാറ്റിയെടുക്കാൻ കഴിയുമോയെന്നതും പരിശോധിക്കുമോ; ചരക്ക് ഗതാഗതത്തിനുവേണ്ടി ജലപാത പൂർണ്ണമായും പ്രയോജനപ്പെടുത്താത്തതിനെക്കുറിച്ച് പരിശോധിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇത് പൂർണ്ണമായും പ്രയോഗത്തിൽ വരാത്തതുകൊണ്ടാണ് ഉപയോഗം ആ രീതിയിൽ നടക്കാത്തത്. അങ്ങനെയൊരു സംവിധാനം പൂർണ്ണമായും വന്നാൽ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ വ്യാപാരികളും വ്യവസായികളും ഇതുപയോഗിക്കുന്നതിന് സന്നദ്ധമാകും. നമ്മുടെ വിവധ പൊതുമേഖലാ സ്ഥാപനങ്ങളും ഇത് നല്ലതുപോലെ ഉപയോഗിക്കുന്ന നിലവരും. ഇതിന്റെ ഉപയോഗ സാധ്യതയെക്കുറിച്ച് പ്രത്യേക ആശങ്കയൊന്നും ഉണ്ടാകേണ്ടതില്ല.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, 'കേരളത്തിന്റെ ഒരു സ്വപ്ന പദ്ധതിക്കുകൂടി ചിറക് മുളയ്ക്കുന്നു. പതിറ്റാണ്ടുകളായി ചർച്ചകളിൽ മാത്രം ഒതുങ്ങിനിന്ന ജലപാതാ വികസനം മൂന്ന് വർഷത്തിനുള്ളിൽ യാഥാർത്ഥ്യമാകുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം കേരളത്തിന്റെ ഭാവി വികസനത്തിലേയ്ക്കുള്ള ഉറച്ച കാൽവയ്പ്പാണ്.

എന്നത് മലയാള മനോരമയിലെ എഡിറ്റോറിയലാണ്. ബഹുമുഖ നേട്ടങ്ങൾക്കായി ആരംഭിക്കുന്ന ഈ ജലപാതാ പദ്ധതി, നാഷണൽ ഹൈവേ വികസനം, തീരദേശ പദ്ധതി ഇതെല്ലാം ശ്രദ്ധേയമായ വികസന പദ്ധതികളാണ്. കേരളത്തെ വികസന മുരടിപ്പിലേയ്ക്ക് വലിച്ചെറിഞ്ഞ പ്രതിപക്ഷത്തിന്റെ അസഹിഷ്ണുതയിൽ നിന്നും അസ്വസ്ഥതയിൽ നിന്നും മുളച്ചു പൊന്തുന്ന സമരാഭാസത്തിനാണ് സഭ സാക്ഷ്യം വഹിക്കുന്നത്.

മി. സ്പീക്കർ: ചോദ്യം ചോദിക്കൂ.

ശ്രീ. എം. രാജഗോപാലൻ: നീലേശ്വരം വരെയുള്ള ജലപാത ബേക്കൽ വരെയുള്ള പദ്ധതിയായി ഇത്തവണതന്നെ മാറ്റാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബേക്കൽ നമ്മുടെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രമായതുകൊണ്ട് ബേക്കൽ വരെയെങ്കിലും ഇത് എത്തിച്ചേരണമെന്ന ആവശ്യം ഗൗരവമായി വന്നിട്ടുണ്ട്. അത് ഗൗരവമായി പരിഗണിച്ചുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. എം. മുകേഷ്: സർ, കൊല്ലം- കോട്ടപ്പുറം ദേശീയ ജലപാത മൂന്നിനെയും കൊല്ലം- കോവളം സംസ്ഥാന ജലപാതയെയും തമ്മിൽ ബന്ധിപ്പിക്കുന്ന കൊല്ലം കനാൽ കൊല്ലം തുറമുഖത്തുനിന്നും മുന്നൂറ് മീറ്ററിൽ താഴെ ദൂരത്തിലാണ് സ്ഥിതി

ചെയ്യുന്നത്. ഇതുസംബന്ധിച്ച ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിനുള്ള ഒരു പ്രൊപ്പോസൽ ഞാൻ അങ്ങേയ്ക്കും ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രിക്കും നേരത്തെ സമർപ്പിച്ചിരുന്നു. ഇതുസംബന്ധിച്ച ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതുസംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ബി. സത്യൻ: സർ, അനന്തമായ സാധ്യതയാണ് കേരളത്തിലെ ജലപാതാ വികസനവുമായി ബന്ധപ്പെട്ട് വരുന്നത്. ദൈവത്തിന്റെ സ്വന്തം നാടാണ് കേരളം. ഇത് കോവളം, വർക്കല, അഷ്ടമുടിക്കായൽ, കുട്ടനാട്, കുമരകം, കൊച്ചി മുസരിസ്സ്, ബേക്കൽ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളുമായി സംയോജിപ്പിക്കാൻ കഴിയും. കൂടാതെ തിരുവനന്തപുരം, കണ്ണൂർ, കൊച്ചി തുടങ്ങി വിമാനത്താവളം അടക്കമുള്ള സ്ഥലങ്ങളെ വികസിപ്പിക്കാനും കഴിയും. ഏറ്റവും അധികം വരുമാന സാധ്യതയുള്ളതാണ്. ഇത് ടൂറിസവുമായി ബന്ധപ്പെട്ട ബൃഹത്തായ പദ്ധതിയായിരിക്കുമോയെന്നതാണ് എന്റെ ചോദ്യം?

ശ്രീ. പിണറായി വിജയൻ: സർ, ആദ്യത്തെ പദ്ധതി കാസർഗോഡ് ജില്ലവരെയുള്ള കനാൽ എന്ന നിലയിൽ തന്നെയാണ്. എന്നാൽ കനാൽ എന്ന

നിലയ്ക്കാകുമ്പോൾ ഇതിന്റെ മറ്റുസാധ്യതകൾ ശരിയായി ഉപയോഗിക്കണമെങ്കിൽ വിവിധ കേന്ദ്രങ്ങളിലേയ്ക്കുള്ള ഉപകനാലുകൾ വേണ്ടതായി വരും. ഉപകനാലുകളും ടൂറിസ്റ്റ് കേന്ദ്രങ്ങളുമായും തുറമുഖങ്ങളുമായും ബന്ധപ്പെടുന്നുണ്ടാകാം. അത്തരത്തിലുള്ള വികസനസാധ്യതയാണ് ഇതിന്റെ ഭാഗമായി വരുന്നത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ദേശീയ ജലപാതയുടെ പ്രധാന ഘടകമാണ് കനോലി കനാൽ വികസനം. കനോലി കനാലിന്റെ കോഴിക്കോട് ജില്ലയിലെ കല്ലായി മുതൽ കോരപ്പുഴ വരെയുള്ള ഭാഗത്ത് ഇതുവരെ ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങൾ നടന്നതായി അറിയാൻ കഴിഞ്ഞിട്ടില്ല. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, കോഴിക്കോട് മുതലുള്ള പ്രവർത്തനം ഇതിന്റെ ഭാഗമായി തന്നെ ഫലപ്രദമായി നടക്കും. കൂടുതൽ ശ്രദ്ധ ഇക്കാര്യത്തിലുണ്ടാവുകയും ചെയ്യും.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ദേശീയ പാതയുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ് ബഹു. സ്പീക്കറുടെ മണ്ഡലത്തിൽപ്പെട്ട പൊന്നാനി മുതൽ ചേറ്റുവ വരെയുള്ള ഭാഗം. മലബാറിൽ നിന്നും കൊച്ചിയെ ദേശീയ ജലപാതയുമായി ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട ഭാഗമാണത്. അറബിക്കടലിൽനിന്നും ഉപ്പുവെള്ളം കയറാതിരിക്കാൻ

അവിടെ ചേറ്റുവ, വെളിയംകോട് എന്നീ രണ്ട് സ്ഥലങ്ങളിൽ ലോക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ചേറ്റുവ നേരത്തെ പുനർനിർമ്മിച്ചിരുന്നു. വെളിയംകോട് ഇപ്പോൾ അങ്ങയുടെ നേതൃത്വത്തിൽ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. എന്റെ ചോദ്യം, ജലപാത എന്ന നിലയിൽ നവീകരിക്കുമ്പോൾത്തന്നെ മലിനീകരണ വിമുക്തമാക്കുക എന്നതും വളരെ പ്രധാനപ്പെട്ട ഒരു ദൗത്യമാണ്. അതിനുവേണ്ടിയുള്ള പ്രോജക്ട് ശുചിത്വമിഷന് സമർപ്പിച്ചിട്ടുണ്ട്. അത് വേഗതയിലാക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതെല്ലാം ചെയ്തതിനുശേഷവും മാലിന്യം നിറയുകയാണെങ്കിൽ ആ പ്രശ്നം അതീവ ഗൗരവമായി എടുക്കേണ്ടിവരും. നമ്മുടെ ഈ സ്വപ്നപദ്ധതി പൂർത്തിയാകുന്നതോടെ മാലിന്യമടക്കം നിർമ്മാർജ്ജനം ചെയ്യുകയാണ് ചെയ്യുന്നത്. കനാലിന്റെ വിവിധ ഭാഗങ്ങളിൽ, അതായത് പാർവ്വതി പുത്തനാറിന്റെയൊക്കെ പ്രശ്നം നമുക്കറിയാവുന്നതാണ്. അതുപോലെ നിരവധി സ്ഥലങ്ങളിൽ മാലിന്യം അടിഞ്ഞുകിടക്കുന്നുണ്ട്. ഇതുമുഴുവൻ ശുദ്ധീകരിച്ച് നല്ല ശുദ്ധമായ വെള്ളം കനാലിൽ ഉണ്ടാകുന്ന നിലയിലാണ് വരിക. അവിടെ വീണ്ടും മാലിന്യം കൊണ്ടിടുക എന്നുപറയുന്നത് നമുക്ക് സഹിക്കാവുന്നതല്ല, അതിന് കർശനമായ നടപടികളുണ്ടാകും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആലപ്പുഴ-ചങ്ങനാശ്ശേരി, ആലപ്പുഴ-കോട്ടയം ജലപാതകളൊക്കെ മഹാരാജാവിന്റെ കാലംമുതലുള്ളതാണ്. അതിന്റെയൊക്കെ സ്ഥിതി വളരെ ദയനീയമാണ്. ഇതിൽ ചിലതൊക്കെ ദേശീയ ജലപാതയിൽ ചേർത്തിട്ടുണ്ട്. എന്നാൽ അവിടെ കാര്യമായ നടപടികളും പണികളുമൊന്നും നടക്കുന്നില്ല. ഒരു മുൻഗണന നൽകിക്കൊണ്ട് മധ്യതിരുവിതാംകൂറിലെ പ്രധാനപ്പെട്ട ഈ സ്ഥലത്തെ ദേശീയ ജലപാതയുമായി ബന്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, തീർച്ചയായും. നമ്മുടെ സംസ്ഥാനത്തെയാകെ വലിയ തോതിൽ അഭിവൃദ്ധിപ്പെടുത്താനുതകുന്ന രണ്ട് കനാലുകളുടെ പ്രശ്നമാണ് അദ്ദേഹം ഇവിടെ ചൂണ്ടിക്കാട്ടിയത്. അതോടൊപ്പം തന്നെ ആലപ്പുഴയുടെ പ്രത്യേകമായ വികസനത്തിന്റെ പ്രശ്നവും അതിനകത്ത് അടങ്ങിയിട്ടുണ്ട്. ആലപ്പുഴ "കിഴക്കിന്റെ വെനീസ്" എന്നൊക്കെ അറിയപ്പെടുന്നുണ്ടെങ്കിലും ഇപ്പോൾ ആ അവസ്ഥയിലല്ലെന്ന് നമുക്കറിയാം. ഇതിന്റെ ഭാഗമായിട്ടല്ലെങ്കിലും പ്രത്യേകമായിത്തന്നെ ആ പ്രശ്നം അഡ്രസ്സ് ചെയ്യാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. വലിയ തോതിലുള്ള വികസനം അവിടെ പ്രത്യേകമായിത്തന്നെ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കും.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ദേശീയപാതകളിൽ വളരെ തിരക്കേറിക്കൊണ്ടിരിക്കുമ്പോൾ ഒരു ബദൽ എന്ന നിലയ്ക്കുതന്നെയാണ് ജലപാതകളുടെ നിർമ്മാണം തീരുമാനിച്ചിട്ടുള്ളത്. ജലപാതകളുടെ നിർമ്മാണത്തിന് നേതൃത്വം കൊടുക്കുന്ന മുഖ്യമന്ത്രിയെ അഭിനന്ദിക്കുന്നു. ഇത് പൂർത്തീകരിക്കുന്നതിന് ഗവൺമെന്റുതന്നെ പ്രഖ്യാപിച്ചിട്ടുള്ള time frame ഉണ്ട്. ജില്ലകളിൽ ഇത് സമയബന്ധിതമായി പൂർത്തീകരിക്കപ്പെടണമെങ്കിൽ ഇതിന് മോണിറ്ററിംഗ് സമിതിയുണ്ടാവണം. ഇത് വേഗതയിലാക്കുന്നതിനുവേണ്ടി ജില്ലകളിൽ അത്തരം മോണിറ്ററിംഗ് സമിതികളുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഒരു പ്രത്യേക കമ്പനിയുടെ നേതൃത്വത്തിൽ ഈ പറയുന്ന പ്രവർത്തനങ്ങൾ നടക്കുമ്പോൾ, ഇതിന്റെ മോണിറ്ററിംഗ് ജില്ലയിൽ മാത്രമല്ല, ഓരോ പ്രദേശത്തുമായി വരും. ഇതിന് ഓരോ റീച്ചുണ്ടാകും, ആ റീച്ചിന് കൃത്യമായും സമയബന്ധിതമായും കാര്യങ്ങൾ നടക്കുന്നുണ്ടോയെന്ന് പരിശോധിക്കും. ഒരു ആശങ്കയും വേണ്ട, കൃത്യമായ മോണിറ്ററിംഗും വിലയിരുത്തലുകളും തുടർനടപടികളും ഇതിന്റെ ഭാഗമായുണ്ടാകും.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, വളരെ പ്രധാനപ്പെട്ട ഒന്നാണ് കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത. അതിന്റെ പ്രവർത്തനങ്ങൾ ഏത് തലത്തിലായി;

ഈ മേഖലയിലുള്ള മത്സ്യത്തൊഴിലാളികളുടെ വലകൾ നഷ്ടപ്പെട്ടതിനുള്ള നഷ്ടപരിഹാരം കൊടുക്കാത്തത് ഇതിനൊരു തടസ്സമായി നിൽക്കുകയാണ്. അതുപോലെ തന്നെ ഈ മേഖലയിൽ ഡ്രെഡ്ജിംഗിനുണ്ടാകുന്ന വലിയ കോസ്റ്റ്. കണ്ടെത്താനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, കൊല്ലം-കോട്ടപ്പുറം ജലപാതയുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള ചെറിയ പ്രശ്നങ്ങളൊക്കെ ചിലപ്പോൾ കാണുമായിരിക്കും. ആ പ്രശ്നങ്ങളൊക്കെ ഇതിന് തടസ്സമായി വരുന്നതല്ല. അത്തരത്തിലുള്ള പ്രശ്നങ്ങളൊക്കെ നമുക്ക് പരിഹരിക്കാവുന്നതേയുള്ളൂ.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കനോലി കനാൽ, ദേശീയ ജലപാതയുടെ വികസനത്തിന്റെ ഭാഗമായി റീച്ച് 3-ൽ ഉൾപ്പെട്ട സ്ഥലമാണ്. രണ്ട് പ്രധാന കാര്യങ്ങളാണ് ഈ കനാൽ ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. വലിയ തോതിലുള്ള മാലിന്യങ്ങൾ ഡെപ്പോസിറ്റ് ചെയ്യുന്ന അവസ്ഥയാണ് ഇവിടെയുള്ളത്. കഴിഞ്ഞ ആഗസ്റ്റ് 15-ന് മുഖ്യമന്ത്രിയുടെ 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' എന്ന പരിപാടിയുടെ ഭാഗമായി ആ പ്രദേശങ്ങളിലെ മാലിന്യത്തിന്റെ തോത് അളക്കാൻ സെൻസർ വച്ചുകൊണ്ട് റോബോട്ടിനെ ഉപയോഗിച്ച് പഠനം നടത്തുകയുണ്ടായി. കനോലി കനാലിൽ വലിയ തോതിലാണ് മാലിന്യം അടിഞ്ഞുകിടക്കുന്നത്.

മറ്റൊന്ന്, port to port എന്ന സംവിധാനത്തിൽ പൊന്നാനി-ബേപ്പൂർ, ബേപ്പൂർ-കൊച്ചി എന്നുള്ള രീതിയിൽ കനോലി കനാൽ വികസിപ്പിക്കുമ്പോൾ ബേപ്പൂർ-പൊന്നാനിയിൽ മാത്രം ഏകദേശം 37 പാലങ്ങൾ പുതുക്കി പണിയേണ്ട അവസ്ഥയുണ്ട്. അത്തരത്തിലുള്ള കാര്യങ്ങൾക്കുവേണ്ടി മുൻകൂട്ടി എന്തെങ്കിലും തീരുമാനം അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇപ്പോൾ കനാലുള്ള സ്ഥലങ്ങളിൽ അതിനനുസരിച്ചുതന്നെ കനാലുകൾ ക്രമപ്പെടുത്താൻ നമുക്ക് സാധിക്കും. ഇത് രണ്ട് ഘട്ടമായി ചെയ്യേണ്ടി വരും. ഒന്ന്, ആദ്യഘട്ടം പൂർത്തിയാക്കുക എന്നുള്ളതാണ്. രണ്ടാം ഘട്ടത്തിൽ ആവശ്യമായ പാലങ്ങളുടെ പുതുക്കിപ്പണിയലുകൾ വേണ്ടിവരും. അത് രണ്ടാംഘട്ടമായി ചെയ്യുന്നതായിരിക്കും നന്നാവുക. ആദ്യം ഒരറ്റംമുതൽ മറ്റേയറ്റം വരെ പൂർത്തിയാകുന്ന എന്ന നിലയിൽ ഉണ്ടാകുന്നതാണ് പ്രധാനം.

ശ്രീ. കെ. എം. ഷാജി: സർ, കോഴിക്കോടിനെയും ലക്ഷദ്വീപിനെയും കണ്ണൂർ, അഴീക്കൽ തുറമുഖവുമായി ബന്ധിപ്പിക്കാവുന്ന തരത്തിലുള്ള നടപടിക്രമങ്ങൾ ഉണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, കനാൽ പോകുന്ന വഴിക്ക് പ്രത്യേക

ടൂറിസ്റ്റുകേന്ദ്രങ്ങളുമായും അതിനുപരിയായി തുറമുഖങ്ങളുമായും ബന്ധിപ്പിക്കാനുള്ള നടപടികളുണ്ടാകും എന്നുള്ള കാര്യം ഞാൻ നേരത്തെ പറഞ്ഞതാണ്.

ശ്രീ. വി. ജോയി: സർ, കോവളം-കൊല്ലം ജലപാതയ്ക്ക് തടസ്സമായി നിൽക്കുന്നത് വർക്കലയിലെ 3 പ്രധാനപ്പെട്ട തുരപ്പുകളാണ്. ഈ തുരപ്പുകൾ വീതികൂട്ടുന്നതിന് എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, വർക്കലയിലെ തുരങ്കങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ പഠനങ്ങൾ ഇപ്പോൾത്തന്നെ നടക്കുന്നുണ്ട്. ഈ അടുത്ത ദിവസമാണ് കൊങ്കൺ റെയിൽവേയുമായി ബന്ധപ്പെട്ട വിദഗ്ദ്ധ സംഘം അവിടെ വന്ന് കാര്യങ്ങൾ പഠിച്ചുപോയിട്ടുള്ളത്. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, വികസന പ്രശ്നങ്ങളിൽ ജനങ്ങളെ ഇളക്കിവിട്ട് തടസ്സങ്ങൾ ഉണ്ടാക്കാനുള്ള ശ്രമങ്ങൾ നടക്കുന്ന അവസരമാണിത്. ഗെയ്ൽ-ന്റെ പൈപ്പ്ലൈനടക്കമുള്ള കാര്യങ്ങളിൽ. ആ സാഹചര്യത്തിൽ ശ്രീ. ഹൈബി ഈഡൻ ചൂണ്ടിക്കാട്ടിയതുപോലെ കൊല്ലം-കോട്ടപ്പുറം സെക്ടറിലുള്ള മത്സ്യത്തൊഴിലാളികളുടെ ചീനവലകൾ മാറ്റുന്നത് സംബന്ധിച്ച പ്രശ്നങ്ങൾ ഗവൺമെന്റ് ഗൗരവമായി കണക്കിലെടുത്തുകൊണ്ട് അവർക്കാവശ്യമായ

കോമ്പൻസേഷൻ കൊടുത്തില്ലെങ്കിൽ പഴയതുപോലുള്ള പ്രശ്നങ്ങൾ വീണ്ടും ഉണ്ടാകാൻ സാധ്യതയുണ്ട്. അതിന് തടസ്സങ്ങളുണ്ടാകും. അതുകൊണ്ട് ആ കാര്യത്തിന് കുറച്ചുകൂടി ഗൗരവം കൊടുക്കാനും തൃപ്തികരമായ കോമ്പൻസേഷൻ കൊടുത്ത് അവരെ ഒഴിവാക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിന് ഒരുതരത്തിലുള്ള തടസ്സവുമുണ്ടാക്കാതിരിക്കാൻ നല്ലതുപോലെ ശ്രദ്ധിക്കും. എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടാകുന്നുവെങ്കിൽ അതിന് ആവശ്യമായ നഷ്ടപരിഹാരവും നൽകുന്നതായിരിക്കും.

മി. സ്പീക്കർ : ചോദ്യോത്തരവേള ഫലപ്രദമായി ഉപയോഗിച്ചാൽ എങ്ങനെയായിരിക്കും എന്നുള്ളതിന്റെ ഒരു ഉദാഹരണമാണ് ഈ ചോദ്യം. 16 മിനിറ്റുകൊണ്ട് 16 പേർക്ക് ഉപചോദ്യങ്ങൾ ചോദിക്കാനുള്ള അവസരം കിട്ടി.

## കോളറ വ്യാപനം തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ

(*302) ശ്രീ. ജോർജ് എം. തോമസ്:

ശ്രീ. ഒ. ആർ. കേളു:

ശ്രീ. രാജു എബ്രഹാം:

ശ്രീ. എൻ. വിജയൻ പിള്ള: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ ഇതര സംസ്ഥാന തൊഴിലാളികളിൽ ചിലർക്ക് കോളറ സ്ഥിരീകരിക്കുകയും പത്തനംതിട്ടയിൽ ഒരാൾ മരണപ്പെടുകയും ചെയ്ത സാഹചര്യത്തിൽ രോഗവ്യാപനം തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(ബി) തട്ടുകടകളിലും റസ്റ്റോറന്റുകളിലും നൽകുന്ന ആഹാര പദാർത്ഥങ്ങൾ ശുചിത്വമുള്ളതാണെന്നും രോഗ വ്യാപനത്തിന് ഇടയാക്കുന്നതല്ലെന്നും ഉറപ്പുവരുത്താൻ എടുത്തിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം, സംസ്ഥാനത്ത് ഭക്ഷ്യ ഉൽപ്പാദന സംഭരണ വിതരണ രംഗത്ത് പ്രവർത്തിക്കുന്നവരെല്ലാം ലൈസൻസോ രജിസ്ട്രേഷനോ നേടിയിട്ടുണ്ടോ; ഇത്തരം സ്ഥാപനങ്ങളിലൂടെ വിൽക്കുന്ന ഭക്ഷ്യ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തെങ്കിലും സംവിധാനം ഉണ്ടോയെന്ന് അറിയിക്കാമോ?

(ആരോഗ്യവകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുകളുമായി അവരവരുടെ ഇരിപ്പിടങ്ങളിൽ നിന്നെഴുന്നേറ്റ് നിന്ന് മുദ്രാവാക്യം മുഴക്കി സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ആരാഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ തുടർച്ചയായി ഇതര സംസ്ഥാനതൊഴിലാളി ക്യാമ്പുകൾ സന്ദർശിച്ച് തൊഴിലാളികളുടെ വ്യക്തി ശുചിത്വം, പരിസര ശുചിത്വം, കുടിവെള്ള ശുചിത്വം തുടങ്ങിയവ നിരീക്ഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് നിലവിലുള്ളതും ഇതര സംസ്ഥാന തൊഴിലാളികളുടെ വരവോടെ ഉണ്ടായിട്ടുള്ളതുമായ ആരോഗ്യ പ്രശ്നങ്ങൾ ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ആരോഗ്യ വകുപ്പ് 'ഹെൽത്തി കേരള' എന്ന പേരിൽ സമഗ്രമായ ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സ്ഥലങ്ങളും വാസസ്ഥലങ്ങളും പരിശോധനയ്ക്ക് വിധേയമാക്കുകയും അവരിൽ മലമ്പനി, മന്ത്, കോളറ, ക്യാൻസർ, കുഷ്ഠം, ക്ഷയം തുടങ്ങിയ പകർച്ചവ്യാധികൾ ഉള്ളവരെ കണ്ടെത്തുകയും വേണ്ട ചികിത്സ നൽകുകയും ചെയ്യുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ കേന്ദ്രത്തിൽ മെഡിക്കൽ ക്യാമ്പും അവരുടെ ഭാഷയിൽ തന്നെ ബോധവൽക്കരണ ക്ലാസ്സുകളും

ആരോഗ്യവകുപ്പ് നടത്തിവരുന്നുണ്ട്.

കോഴിക്കോട് ജില്ലയിൽ രോഗബാധിത പ്രദേശങ്ങളിൽ എല്ലാ കുടിവെള്ള സ്രോതസ്സുകളും തുടർച്ചയായി സൂപ്പർ ക്ലോറിനേഷൻ നടത്തിവരുന്നു. കോളറ രോഗം വ്യാപിക്കുന്നത് തടയുന്നതിനുവേണ്ടി ആഹാരപദാർത്ഥങ്ങൾ വിൽക്കുന്ന തട്ടുകടകൾ, വഴിയോര ഭക്ഷണശാലകൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ക്യാന്റീനുകൾ എന്നിവ നടത്തുന്നവരുടെ പ്രത്യേക മുൻകരുതലിനും ജാഗ്രതയ്ക്കുമായി ഭക്ഷ്യ-സുരക്ഷാ വകുപ്പ് പരസ്യം തയ്യാറാക്കി സംസ്ഥാനത്തൊട്ടാകെ വിവിധ പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) തട്ടുകടകളിലും റസ്റ്റോറന്റുകളിലും പ്രത്യേക പരിശോധനകൾ നടത്തുകയും ഭക്ഷ്യ സാമ്പിളുകൾ ശേഖരിച്ച് ലാബിൽ പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. ശുചിത്വനിലവാരം ഉറപ്പുവരുത്തുന്നതിനായി കർശന നിർദ്ദേശങ്ങൾ അടങ്ങിയ നോട്ടീസുകൾ നൽകുന്നു. വീഴ്ച വരുത്തുന്നവർക്ക് പിഴ ഉൾപ്പെടെ ഉള്ളതും പ്രോസിക്യൂഷൻ, അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം സംസ്ഥാനത്ത് ഭക്ഷ്യ ഉല്പാദന സംഭരണ വിതരണ രംഗത്ത് പ്രവർത്തിക്കുന്നവർക്കെല്ലാം ലൈസൻസോ, രജിസ്ട്രേഷനോ നിർബന്ധമാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് ഈ വർഷം ഭക്ഷ്യ ഉല്പാദന, വിതരണ, വിൽപ്പന നടത്തുന്ന 37,348 പേർക്ക് ലൈസൻസും 1,46,028 പേർക്ക് രജിസ്ട്രേഷനും നൽകിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ലാബുകളിൽ ഭക്ഷ്യ പദാർത്ഥങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനുള്ള ഉന്നതനിലവാരത്തിലുള്ള സംവിധാനവും നിലവിലുണ്ട്.

<u>ശ്രീ. ജോർജ് എം. തോമസ്</u>: സർ, അന്യഭാഷാ തൊഴിലാളികളിലൂടെയാണ് കോളറ പകരുന്നതെന്ന ഒരു സൂചന ഇവിടെ നൽകിയ മറുപടിയിലുണ്ട്. ഈ വർഷം കോഴിക്കോട് മെഡിക്കൽ കോളേജിൽ റിപ്പോർട്ട് ചെയ്ത എട്ട് കേസുകളിൽ മൂന്ന് എണ്ണത്തിലാണ് കോളറ സ്ഥിരീകരിച്ചത്. കോളറ ബാക്ടീരിയ അന്യഭാഷാ തൊഴിലാളികളിൽ നിന്നും വന്നതല്ല, ആ പ്രദേശത്തെ കിണറുകളിലെ മാലിന്യം കാരണമാണെന്നാണ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം പരിശോധിച്ചപ്പോൾ കണ്ടെത്തിയത്. കാലാവസ്ഥാ മാറ്റവും ഇതിന് വലിയൊരു ഘടകമായി മാറുന്നുണ്ട്. ശക്തമായ വേനലുണ്ടാകുമ്പോൾ ആൽഗ എന്ന പ്രത്യേക ഇനത്തിൽപ്പെടുന്ന സസ്യത്തിൽ നിന്നും വലിയ ബ്രീഡിംഗ് ഗ്രൗണ്ടായി ഈ കോളറ ബാക്ടീരിയ വളരുകയാണ്. മഴക്കാലത്ത് പ്രതിരോധശേഷി കുറയുമ്പോൾ ഇത് കൂടുതൽ അറ്റാക്ക് ചെയ്യും. മുഖ്യമന്ത്രി ഇന്നലെ വിശദീകരിച്ചതുപോലെ കാലാവസ്ഥാ

വ്യതിയാനത്തിന്റെ ഭാഗമായി, പ്രത്യേക തയ്യാറെടുപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അതിന്റെ ഭാഗമായി കോളറയെ കൂടി പ്രതിരോധിക്കാൻ, രോഗം വരുന്നതിനുമുമ്പുതന്നെ കിണറുകളെല്ലാം ക്ലോറിനേറ്റ് ചെയ്യാനാവശ്യമായ സംവിധാനമുണ്ടാക്കണം. അതിനാവശ്യമായിട്ടുള്ള തീരുമാനമെടുക്കുമോ എന്നതാണ് ചോദ്യം?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, സർക്കാർ ഇത് വളരെ ഗൗരവമായി പരിശോധിച്ചുവരികയാണ്. ഇതരദേശ തൊഴിലാളികളായ മൂന്നുപേർക്ക് കോളറ ബാധിച്ചിട്ടുണ്ടായിരുന്നു. അതിൽ ഒരാൾ കോളറ ബാധിച്ചതിനുശേഷമാണ് സംസ്ഥാനത്തേയ്ക്ക് വന്നത്. ചികിത്സ തേടാൻ അല്പം വൈകിയതുമൂലം ഒരാൾ മരണപ്പെട്ടു. ഇതരദേശ തൊഴിലാളികളുടെ ഇടയിൽ മാത്രമാണ് കോളറയുടെ സാധ്യതയുള്ളതെന്ന് പറയാൻ കഴിയില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ശുദ്ധജലം മലിനീകരിക്കപ്പെടുന്നതിന്റെ ഭാഗമായി; കോളറ വരാനുള്ള സാധ്യത മുന്നിൽ കണ്ടുകൊണ്ട് കിണറുകളും മറ്റു കുടിവെള്ള സ്രോതസ്സുകളുമെല്ലാം പരിശോധിക്കുന്നതിന് തയ്യാറായിട്ടുണ്ട്. ആരോഗ്യവകുപ്പും ഭക്ഷ്യസുരക്ഷാ വകുപ്പും ഈ കാര്യം വളരെ ശ്രദ്ധയോടെ ഏറ്റെടുത്തിട്ടുണ്ട്. കോളറ വ്യാപിക്കുന്നതിന് കാരണമായ ഇത്തരം ബാക്ടീരിയകളെ ചില പ്രദേശങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്.

പരിഹാരനടപടികൾ വളരെ അടിയന്തരമായി സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് കോളറ പടരാതിരുന്നത്. കിണറുകളിലെയും മറ്റും വെള്ളം പരിശോധിച്ചുകൊണ്ട് കോളറ തടയുന്നതിനാവശ്യമായ നടപടികൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ദ്രുതഗതിയിൽ സ്വീകരിച്ചുവരികയാണ്.

ശ്രീ. ജോർജ് എം. തോമസ്: സർ, ആരോഗ്യ പ്രതിരോധ മേഖലയിൽ ലോകത്ത് ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന രാജ്യമാണ് ക്യൂബ. 2014-ൽ സംസ്ഥാന ഗവൺമെന്റിന്റെ ക്ഷണമനുസരിച്ച് ക്യൂബയിൽ നിന്നുള്ള ഒരു വിദഗ്ദ്ധ സംഘം കേരളത്തിൽ വരികയും ആരോഗ്യവകുപ്പുമായി വിവിധ തലത്തിലുള്ള ചർച്ചകൾ നടത്തുകയും തുടർന്ന് അവരുടെ സഹായം ലഭ്യമാക്കാമെന്ന് വാഗ്ദാനം ചെയ്യുകയുമുണ്ടായി. എന്നാൽ 2014-നുശേഷം ആ പ്രക്രിയയെ സംബന്ധിച്ച് അന്നത്തെ ഗവൺമെന്റോ ആരോഗ്യ വകുപ്പുമന്ത്രിയോ ശ്രദ്ധിച്ചില്ല. ഈ പുതിയ കാലഘട്ടത്തിൽ ക്യൂബയുടെ ആരോഗ്യമാതൃക പിന്തുടരുന്നതിനുവേണ്ടി മന്ത്രിയുടെയും തെരഞ്ഞെടുക്കപ്പെടുന്ന എം.എൽ.എ.-മാരുടെയും നേതൃത്വത്തിൽ ഒരു ഉന്നതതലസംഘം ക്യൂബ സന്ദർശിച്ച് കാര്യങ്ങൾ പരിശോധിച്ച് അത് നടപ്പിലാക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇതുസംബന്ധിച്ച് ചർച്ച നടത്തുകയും

വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ട് പരിഹാരമാർഗ്ഗങ്ങൾ തേടുകയും ചെയ്തിട്ടുണ്ട്. ഫലപ്രദമായ പരിഹാരമാർഗ്ഗങ്ങൾ ഏതെങ്കിലും രാജ്യങ്ങളിലുണ്ടെങ്കിൽ അത് പരിശോധിക്കുന്നതിനും സർക്കാർ തയ്യാറാണ്. പ്രത്യേകിച്ച് ക്യൂബ ആരോഗ്യരംഗത്ത് വളരെ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന രാജ്യമാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞകാര്യം പരിശോധിച്ച് പിന്നീട് തീരുമാനിക്കാവുന്നതാണ്.

ശ്രീ. ഒ. ആർ. കേളു: സർ, കോളറ പിടിപ്പെട്ടപ്പോൾ തന്നെ അതിനെ നിയന്ത്രിക്കാൻ ആരോഗ്യ വകുപ്പ് വളരെ കാര്യക്ഷമമായി ഇടപ്പെട്ടിട്ടുണ്ട്. തുടർന്നും കേരളത്തിൽ കോളറ പിടിപെടാതിരിക്കുന്നതിനുവേണ്ടി മുൻകരുതലെന്ന നിലയ്ക്ക് ആരോഗ്യ വകുപ്പ് എന്തെങ്കിലും ചെയ്തുവരുന്നുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇപ്പോൾ തന്നെ ഇത്തരം പരിശോധനകൾ തുടർച്ചയായി നടത്തിവരികയാണ്. ആരോഗ്യവകുപ്പും ഭക്ഷ്യസുരക്ഷാ വിഭാഗവും കൃത്യമായ തുടർപരിശോധനകൾ നടത്തിവരികയാണെന്ന് ഞാൻ നേരത്തെ പറഞ്ഞു. 'ഹെൽത്തി കേരള' ക്യാമ്പയിൻ തുടർച്ചയായി നടക്കുന്ന ഒരു പ്രക്രിയയാണ്. അത് മാത്രമല്ല പകർച്ചവ്യാധി നിയന്ത്രണത്തിന്റെ ഭാഗമായി തുടർച്ചയായി നടത്താനുള്ള മൈക്രോ പ്ലാൻ അടക്കം തയ്യാറാക്കിക്കൊണ്ട്

രോഗപ്രതിരോധത്തിനുള്ള പരിശ്രമങ്ങൾ ആരോഗ്യ വകുപ്പ് കൃത്യമായി നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. രാജു എബ്രഹാം: സർ, കോളറ വ്യാപനമുണ്ടായ ഉടൻതന്നെ ഫലപ്രദമായി ഇടപെട്ട് അത് തടയാൻ നേതൃത്വം നൽകിയ ആരോഗ്യവകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകമായി അനുമോദിക്കുകയാണ്. ഭക്ഷ്യവകുപ്പുമായി മാത്രമല്ല, തദ്ദേശസ്വയംഭരണവകുപ്പുമായി കൂടി ഇക്കാര്യം ആലോചിക്കണം. ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ നൂറ് ആളുകൾക്ക് ഒരു ശൗചാലയം മാത്രമാണ് ആകെയുള്ളത്. ലൈസൻസില്ലാതെയും യാതൊരു നിയന്ത്രണങ്ങളില്ലാതെയുമുള്ള നിരവധി സ്ഥലങ്ങൾ ഇവിടെയുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. വിവിധ വകുപ്പുകളുടെ ഏകോപനം ഇതിനാവശ്യമാണ്. തദ്ദേശസ്വയംഭരണ വകുപ്പുമായി ഇക്കാര്യം ആലോചിച്ചിട്ടുണ്ട്. ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന പ്രദേശങ്ങൾ ആരോഗ്യ വകുപ്പിന്റെ പ്രവർത്തകർ സന്ദർശിക്കുകയും അവിടെ ശുചിത്വമില്ലായ്മയുണ്ടെങ്കിൽ, ശൗചാലയങ്ങളിലെ

മാലിന്യങ്ങൾ സംസ്കരിക്കാനുള്ള സൗകര്യങ്ങളില്ലെങ്കിൽ അക്കാര്യം അതാത് പഞ്ചായത്തുകളുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ചില പ്രദേശങ്ങളിലെല്ലാം നടപടിയുണ്ടായിട്ടുണ്ട്. എങ്കിലും തദ്ദേശസ്വയംഭരണ വകുപ്പുകൂടി ഇക്കാര്യങ്ങളിൽ കരുതലോടെ ഇടപെട്ടാൽ കുറേക്കൂടി പരിഹാരം കാണാവുന്നതാണ്. തൊഴിൽ വകുപ്പിന്റെ സഹായവും ഇക്കാര്യത്തിൽ തേടുന്നുണ്ട്. തൊഴിൽ വകുപ്പ് ഇക്കാര്യത്തിൽ നല്ല ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതരസംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങൾ ഏറ്റവും വൃത്തിയും വെടിപ്പുമുള്ളതാക്കി മാറ്റുന്നതിനുള്ള പരിശ്രമം എല്ലാ വകുപ്പുകളും ചേർന്ന് നടത്തിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: സർ, കോളറ മുതലായ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രധാന തസ്തികയാണ് ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക. എന്നാൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയ്ക്ക് പ്രൊമോഷനില്ല. അവർക്ക് പ്രൊമോഷൻ കൊടുക്കാനും ആരോഗ്യരംഗത്ത് കൂടുതൽ ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്തുന്നതിനുംവേണ്ടിയുള്ള ശ്രമം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട്

വിവിധ തസ്തികകളിൽ നമുക്ക് കുറവുകളുണ്ട്. അതുപോലെ പ്രൊമോഷൻ നടക്കാത്ത പ്രശ്നങ്ങളുണ്ടായിരുന്നു. അത്തരം കാര്യങ്ങൾക്കെല്ലാം പരിഹാരം കാണുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കുറേ പരിഹാരങ്ങൾ കണ്ടിട്ടുണ്ട്. ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയുടെ പ്രൊമോഷനും; ഹെൽത്ത് ഇൻസ്പെക്ടർമാർ ഇല്ലാത്ത സ്ഥലത്ത് അവരെ നിയമിക്കുന്നതിനുള്ള നടപടികളും തുടർന്നും സ്വീകരിക്കുന്നതാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, കേരളത്തിലെ ഇന്നത്തെ ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് ഏതെങ്കിലും ഒരു ഗവൺമെന്റിനെ അഭിനന്ദിക്കുന്നതിലോ കുറ്റപ്പെടുത്തുന്നതിലോ കാര്യമില്ല. കാരണം, ലോകത്ത് ഇന്ന് ഏറ്റവുമധികം മരുന്നുപയോഗിക്കുന്ന ആളുകൾ ഈ കൊച്ചുകേരളത്തിലാണ്. രോഗികളുടെ നാടായി ഇന്ന് കേരളം മാറിയിരിക്കുകയാണ്. അതിന് ഗവൺമെന്റിനെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ടാണ് ഈ പ്രശ്നമുണ്ടായിരിക്കുന്നത്. അക്കാര്യത്തിൽ എന്ത് പരിഹാരമുണ്ടാക്കാൻ കഴിയും? മാലിന്യനിർമ്മാർജ്ജനത്തിൽ വളരെ ശക്തമായി ഇടപെടേണ്ടതുണ്ട്. ഭക്ഷ്യസുരക്ഷാ സംബന്ധമായി ഗവൺമെന്റ് ഓരോ നിയോജകമണ്ഡലത്തിലും ഒരു ഓഫീസ് തുടങ്ങിയിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ഓഫീസ് ഉദ്ഘാടനത്തിന് ഞാൻ

പോയപ്പോൾ കോട്ടയം ജില്ലയിലെ മറ്റ് 8 നിയോജകമണ്ഡലത്തിലെയും ഓഫീസർമാർ എത്തിയിരുന്നു. ഇരുപത് കൊല്ലം പഴക്കമുള്ള ഒരു ജീപ്പിലാണ് ജില്ലാ ഓഫീസർ വന്നത്; എല്ലാവർക്കും കൂടിയുള്ള ഒരു വണ്ടിയാണത്. ഓരോ നിയോജകമണ്ഡലത്തിലും ഓരോ ഓഫീസറെ നിയമിച്ചാൽ അവർ എന്ത് ചെയ്യാനാണ്; അവർക്ക് അതിനുള്ള സംവിധാനം കൊടുക്കുകയും അതിലൂടെ ഈ കാര്യം ശക്തിയായി മുന്നോട്ടുകൊണ്ടുപോകുകയും ചെയ്താൽ മാത്രമേ ഒരു പരിധി വരെ ഈ മേഖലയിൽ മാറ്റം വരുത്താൻ കഴിയൂ. ആ കാര്യത്തിൽ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഈ കാര്യത്തിൽ ഗവൺമെന്റ് നല്ല ശ്രദ്ധയാണ് ചെലുത്തിയിട്ടുള്ളത്. ഭക്ഷ്യസുരക്ഷാ വിഭാഗത്തിൽ ഉദ്യോഗസ്ഥരുടെയും മറ്റ് സൗകര്യങ്ങളുടെയുമെല്ലാം കുറവ് നന്നായിട്ടുണ്ടായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം 95 ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ തസ്തികയാണ് ക്രിയേറ്റ് ചെയ്ത് നിയമിച്ചിട്ടുള്ളത്. മൂന്നു മാസം നീണ്ടുനിൽക്കുന്ന പരിശീലനം അവർക്ക് നൽകുകയും ഏറ്റവും നന്നായി ഇടപെടുന്ന ഓഫീസർമാരായി അവർ മാറുകയും ചെയ്തിട്ടുണ്ട്. എങ്കിലും ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ വാഹനങ്ങളുടെ കുറവുണ്ട്, മറ്റ് ചില കുറവുകളും ഈ മേഖലയിലുണ്ട്. എന്നാൽ ഇക്കഴിഞ്ഞ ഒരു

വർഷക്കാലത്തിനിടയിൽ ഭക്ഷ്യസുരക്ഷാ വിഭാഗം വളരെ മെച്ചപ്പെട്ട പ്രവർത്തനം നടത്തിയിട്ടുണ്ട്. ഇത്രയേറെ തസ്തികകൾ ക്രിയേറ്റ് ചെയ്യുന്നതും ആദ്യമായിട്ടാണ്. ഈ ഗവൺമെന്റ് വലിയ പരിഗണനയാണ് ആ മേഖലയിൽ കൊടുക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ ആ പ്രത്യേക കാര്യം അന്വേഷിച്ച് എന്താണോ വേണ്ടത് ഗവൺമെന്റ് അത് സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, കോളറ പിടിപ്പെട്ടു എന്നുപറയുന്ന കോഴിക്കോട് ജില്ലയിലെ തെങ്ങിലക്കടവ് എന്റെ നിയോജകമണ്ഡലത്തിലെ മാവൂർ പഞ്ചായത്തിലാണ്. രണ്ട് ആളുകൾ താമസിക്കേണ്ട സ്ഥലത്ത് എട്ടും പത്തും ഇതരസംസ്ഥാന തൊഴിലാളികളാണ് താമസിക്കുന്നത്. മാത്രമല്ല, ആവശ്യമായ ശൗചാലയങ്ങളില്ലെന്നും കണ്ടെത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് ഇക്കാര്യത്തിൽ മുഖ്യപങ്ക് വഹിക്കേണ്ടത്. ഈ വിഷയങ്ങളൊക്കെ ഉണ്ടാകുമ്പോഴും മാവൂർ പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെന്ററില്ല. അവിടെ ഒരു പി.എച്ച്.സി. ആരംഭിക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ എന്നാണറിയേണ്ടത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കോഴിക്കോട് ജില്ലയിലെ മാവൂരിലും പരിസരപ്രദേശത്തും കോളറ പടർന്നുപിടിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ആഗസ്റ്റ്

4, 5, 8 തീയതികളിൽ കോളറ രോഗം സ്ഥിരീകരിച്ച മാവൂരിലെ നാല് ജനവാസ കേന്ദ്രങ്ങളിലും സ്കൂളിലും 12 സ്ഥാപനങ്ങളിലും ഭക്ഷ്യസുരക്ഷാ ഓഫീസറുടെ നേതൃത്വത്തിൽ പരിശോധന നടത്തുകയുണ്ടായി. കുടിവെള്ളത്തിന്റെ 12 സാമ്പിളുകൾ ശേഖരിച്ച് മൈക്രോബയോളജിക്കൽ പരിശോധനയ്ക്കായി കോഴിക്കോട്ടുള്ള റീജിയണൽ അനലറ്റിക്കൽ ലബോറട്ടറിക്ക് നൽകിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന പ്രദേശത്ത് ഇതുപോലുള്ള പ്രശ്നങ്ങളുണ്ട്. അത് പരിഹരിക്കുന്നതിനായി തൊഴിലുടമകളുമായി ബന്ധപ്പെട്ടുകൊണ്ട് അവർക്കാവശ്യമായ താമസസൗകര്യം ഉണ്ടാക്കി കൊടുക്കേണ്ടതായിട്ടുണ്ട്. അതുപോലെ ആരോഗ്യ, ഭക്ഷ്യസുരക്ഷാ വിഭാഗവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ശ്രമിച്ചുവരികയാണ്. കുറേയധികം കാര്യങ്ങളിൽ പരിഹാരം കണ്ടിട്ടുണ്ട്. വീണ്ടും നമുക്ക് പരിശ്രമിക്കാം.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗങ്ങൾ സഹകരിക്കണം. ചോദ്യോത്തരവേള തടസ്സപ്പെടുത്തുന്നത് ശരിയല്ല. പ്രതിഷേധിക്കാൻ പല മാർഗ്ഗങ്ങളുണ്ട്. സഭാചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പ്രതിഷേധിക്കാനുള്ള അവസരമുണ്ട്. ദയവായി സഹകരിക്കണം. വളരെ പ്രധാനപ്പെട്ട സാമൂഹിക പ്രശ്നങ്ങളാണ്

ചോദ്യോത്തരവേളയിൽ ചർച്ച ചെയ്യുന്നത്. അത് തടസ്സപ്പെടുത്തുന്നത് ശരിയല്ല.

ശ്രീമതി പി. അയിഷാ പോറ്റി: സർ, കോളറ പോലെയുള്ള പകർച്ചവ്യാധികൾ പടർന്നുപിടിച്ചപ്പോൾ പൂർണ്ണമായി വ്യാപിപ്പിക്കാതിരിക്കാനുള്ള ശക്തമായ നടപടികളെടുത്തത് അങ്ങേയറ്റം അഭിനന്ദനാർഹമാണ്. മഴക്കാലത്ത് പകർച്ചവ്യാധികൾ ആവർത്തിച്ച് വരുന്നതിനെതിരെ ശക്തമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. മഴക്കാലപൂർവ്വ ശുചീകരണമെന്നുള്ളതല്ലാതെ നിരന്തരമായ പ്രവർത്തനങ്ങളിലൂടെ, കുട്ടികളിലൂടെ ബോധവത്ക്കരണം നടത്തി വിദ്യാഭ്യാസ വകുപ്പുമായി ചേർന്നുകൊണ്ട് കുട്ടികളിൽ അവബോധം സൃഷ്ടിച്ചുകൊണ്ട് സിലബസ് പരിഷ്കരിച്ചുകൊണ്ടുള്ള ശക്തമായ നടപടി സ്വീകരിക്കുമോ; അതോടൊപ്പം ഈ ഗവൺമെന്റ് കൊണ്ടുവന്ന 'ലിറ്റിൽ ഡോക്ടർ' എന്ന പദ്ധതി ഇക്കാര്യത്തിൽ എത്രമാത്രം ഫലപ്രദമായിട്ടുണ്ടെന്നുള്ളത് വിവരിക്കാമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കുട്ടികളുമായി ഇക്കാര്യം ചർച്ച ചെയ്യേണ്ടതാണ്. കുട്ടികൾക്ക് അത്തരത്തിലുള്ള ബോധവത്ക്കരണ പരിപാടികൾ ആരോഗ്യവകുപ്പുമായി സഹകരിച്ചുകൊണ്ട് നടത്തുന്നുണ്ട്. അത് തുടർച്ചയായി നടത്താൻ സാധിക്കും. പൗരന്മാരുടെ ശുചിത്വബോധം വർദ്ധിപ്പിക്കേണ്ടത് പ്രധാനപ്പെട്ട കാര്യമാണ്. പൗരന്മാർ ഉണ്ടാക്കുന്ന മാലിന്യങ്ങൾ അവർ തന്നെ

സംസ്കരിക്കാനുള്ള ഉത്തരവാദിത്വമുണ്ടെന്നുള്ള സൂചനകൂടി പഞ്ചായത്ത് രാജ് നിയമത്തിൽ പറയുന്നുണ്ട്. അത് ബോധ്യപ്പെടുത്തികൊണ്ട് ഓരോ പൗരനും മാലിന്യസംസ്കരണത്തിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുന്ന അവസ്ഥ നാട്ടിലുണ്ടാകണം. മാലിന്യം വലിച്ചെറിയുന്നത് ഒഴിവാക്കാൻ സാധിക്കണം. അതോടൊപ്പം പ്രസ്തുത വകുപ്പുകളെല്ലാം ചേർന്നുകൊണ്ട് ഈ പ്രവർത്തനത്തിന് മുൻകൈ എടുക്കുകയും വേണം. ആരോഗ്യവകുപ്പ് അതിനുള്ള പ്രവർത്തനങ്ങൾക്ക് മുൻകൈ എടുത്ത് നേതൃത്വം നൽകി വരികയാണ്.

ശ്രീ. കെ. ദാസൻ: സർ, കോളറ വ്യാപകമായി വരുന്നത് തീരദേശ മേഖലയിലാണ്. അവിടെ ആരോഗ്യവകുപ്പിന്റെയും ശുചിത്വമിഷന്റെയും പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ സഹായം ലഭ്യമായിട്ടും ചില പഞ്ചായത്തുകളെങ്കിലും വേണ്ടരീതിയിൽ നിർമ്മാർജ്ജനം ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നില്ല. കാര്യക്ഷമമായി പ്രവർത്തിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ കൂടുതൽ സഹായം നൽകുമോ; ശുചിത്വസേനയെ രൂപീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇക്കാര്യത്തിൽ നടപടി

സ്വീകരിച്ചിട്ടുണ്ടെന്നുള്ള കാര്യം വിവിധ ചോദ്യങ്ങളുടെ മറുപടിയായി പറഞ്ഞിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്തുത്യർഹമായ പ്രവർത്തനമാണ് നടത്തിയതെങ്കിലും ചില പഞ്ചായത്തുകളിൽ വേണ്ടത്ര രീതിയിൽ വിജയിച്ചിട്ടില്ലായെന്നുള്ള വിലയിരുത്തലാണ് ഉണ്ടായിട്ടുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പ് അതിനുവേണ്ടി നല്ല പരിശ്രമം നടത്തുന്നുണ്ട്. എല്ലാ പഞ്ചായത്തുകളും ശുചീകരണ പ്രക്രിയയിൽ പങ്കാളികളാകാൻ.... പ്രത്യേകിച്ച് ഹരിതകേരള മിഷന്റെ ഭാഗമായി കുറേയേറെ പ്രവർത്തനങ്ങൾ മുന്നോട്ട് വരുന്നുണ്ട്. അത് ഫലപ്രദമാകുമ്പോൾ മാലിന്യനിർമ്മാർജ്ജനം കൂടുതൽ ഫലപ്രദമാകും.

മി. സ്പീക്കർ: ചോദ്യം നമ്പർ *303, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. കെ. മുരളീധരൻ, ശ്രീ. അൻവർ സാദത്ത്, ശ്രീ. വി. ടി. ബൽറാം ബഹുമാനപ്പെട്ട അംഗങ്ങൾ ചോദ്യങ്ങൾ ചോദിക്കുന്നുണ്ടോ?

(ചോദ്യം നമ്പർ *303-ന്റെ മറുപടി പറയേണ്ടത് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയായതിനാൽ ചോദ്യത്തിന് നോട്ടീസ് നൽകിയിരുന്ന യു.ഡി.എഫ്. അംഗങ്ങൾ ചോദ്യം ഉന്നയിക്കാതെ ബഹളം തുടർന്നുകൊണ്ടിരുന്നതിനാൽ പ്രസ്തുത ചോദ്യം ഉന്നയിക്കപ്പെട്ടില്ല.)

(ചോദ്യം നം. *304 പരിഗണനയ്ക്ക് എടുത്തപ്പോൾ യു.ഡി.എഫ്. അംഗങ്ങൾ

ബഹളം അവസാനിപ്പിച്ചു.)

## മറൈൻ കേഡർ രൂപീകരിക്കുന്നതിന് നടപടി

(*304) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. സി. ദിവാകരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽത്തീരം വഴിയുള്ള ഭീകരാക്രമണം തടയുന്നതിനായി മറൈൻ കേഡർ രൂപീകരിക്കുന്നതിന് തീരുമാനമുണ്ടോ എന്നറിയിക്കാമോ;

(ബി) എങ്കിൽ പ്രസ്തുത സേന രൂപീകരിക്കുന്നതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ ആവശ്യമായ ജീവനക്കാർ, നിരീക്ഷണ സംവിധാനങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) തീരദേശ സംരക്ഷണത്തിനായി ഒരു പ്രത്യേക വിഭാഗം നിലവിലുണ്ട്. ഈ വിഭാഗത്തെ പോലീസിലെ ഒരു പ്രത്യേക സേനയായി മാറ്റുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുകയാണ്.

(ബി) കടൽമാർഗ്ഗമുള്ള ഭീകരാക്രമണ/ കടന്നുകയറ്റ സാധ്യതകൾ ഫലപ്രദമായി തടയുക എന്നതാണ് പ്രധാന ലക്ഷ്യം.

(സി) സംസ്ഥാന സർക്കാർ പുതുതായി ആരംഭിക്കുന്ന 8 തീരദേശ പോലീസ് സ്റ്റേഷനുകളിലേയ്ക്കും ഒരു പൊലീസ് ഇൻസ്പെക്ടർ, 2 സബ് ഇൻസ്പെക്ടർ, ഒരു ഡ്രൈവറും ഉൾപ്പെടെ 29 ജീവനക്കാരെയും ഒരു കാഷ്വൽ സ്വീപ്പറെയും നിയമിച്ചുകൊണ്ട് 30.01.2017-ൽ ഉത്തരവായിട്ടുണ്ട്. സർക്കാർ ഉത്തരവ് അനുബന്ധമായി ചേർക്കുന്നു. കൂടാതെ സ്റ്റേഷനുകളിലെ ആവശ്യകത മനസ്സിലാക്കി സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിക്കുന്നുണ്ട്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, തീരദേശസംരക്ഷണത്തിനായി മറൈൻ കേഡർ രൂപീകരിക്കുന്നതിനുവേണ്ടി നടപടി സ്വീകരിച്ച അങ്ങയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. പുതിയതായി എട്ടോളം കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ ഇതിന് അനുബന്ധമായി ആരംഭിക്കുകയും 29 ജീവനക്കാരെ നിയമിച്ചുകൊണ്ട് 30.01.2017-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള സ്റ്റേഷനുകളിൽ ജീവനക്കാരുടെ അപര്യാപ്തതയും അടിസ്ഥാന സൗകര്യങ്ങളുടെ പ്രശ്നങ്ങളും ധാരാളമായിട്ടുണ്ട്. പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ എന്ത് നടപടികളാണ് ആലോചിക്കുന്നത്?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, തീരദേശ പോലീസ് സ്റ്റേഷനുകളിൽ പ്രാരംഭഘട്ടത്തിൽ ആവശ്യത്തിനുള്ള തസ്തികകൾ അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. അതിന് മറ്റ് പ്രശ്നങ്ങൾ കൂടുതലായിട്ടില്ലായെന്നാണ് തോന്നുന്നത്. എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ പിന്നീട് പരിശോധിച്ച് തിരുത്തുന്നതുമാണ്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, എയർസ്ട്രിപ്പ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ അനുമതി സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ തീരദേശ എയർസ്ട്രിപ്പുമായി ബന്ധപ്പെട്ട നടപടികൾ ഗവൺമെന്റിന് എന്ന് ആരംഭിക്കാൻ കഴിയും?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബേക്കൽ ടൂറിസ്റ്റ് കേന്ദ്രമെന്ന നിലയിൽ എയർസ്ട്രിപ്പിന്റെ കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്. പ്രത്യേകമായി വേറെ എയർസ്ട്രിപ്പുകൾ ആവശ്യപ്പെട്ടതായി എന്റെ ശ്രദ്ധയിലില്ല.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, കേരളത്തിൽ തീരദേശം അപകടകരമായ ദീർഘമേറിയ ഏരിയയാണ്. അതുകൊണ്ട് കടൽത്തീരം വഴിയുള്ള ഭീകരാക്രമണം തടയണമെന്നാണ് കേന്ദ്ര സർക്കാരിന്റെ ഉദ്ദേശം. മറൈൻ കേഡർ രൂപീകരിച്ചിട്ടുണ്ടോ എന്നുള്ള ചോദ്യത്തിന് കുറേ പോലീസ് ഉദ്യോഗസ്ഥന്മാരെ അവിടെ നിയമിച്ചുവെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. മറൈൻ കേഡറിൽ പ്രത്യേക

പരിശീലനം നേടിയവരും ഭീകരന്മാരെ നേരിടാൻ പരിശീലനം ലഭിച്ചിട്ടുള്ളതുമായ ഉദ്യോഗസ്ഥരുണ്ടോ എന്നുള്ളതാണ്. ഇവിടത്തെ ലോക്കൽ പോലീസിലുള്ളവരെയാണ് മറൈൻ കേഡറിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിരിക്കുന്നത്. ആ പ്രത്യേക കേഡർ സൃഷ്ടിച്ചിട്ടുണ്ടോ എന്നുള്ളതാണ് ചോദ്യം?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇത്തരമൊരു ആശയം 2015-ലാണ് ഉയർന്നുവരുന്നത്. പോലീസിൽ പ്രത്യേക മറൈൻ കേഡർ എന്ന ആശയം ചർച്ചയിൽ വന്നതിന്റെ ഭാഗമായാണ് രൂപീകരിക്കപ്പെട്ടിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് മറ്റ് പരിശീലനങ്ങളും അവർക്ക് ലഭ്യമാക്കുന്നതാണ്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, മയക്കുമരുന്ന് മാഫിയയും ആയുധകടത്തും ഭീകരവാദികളും നിക്ഷിപ്ത താൽപ്പര്യത്തോടെ പ്രവർത്തിക്കുന്ന സംഘങ്ങളുമാണ് ഇന്ത്യയുടെ ദേശീയ സുരക്ഷയ്ക്ക് ഏറ്റവുമധികം ഭീഷണിയുയർത്തുന്നത്. ആയതിനാൽ തീരദേശസുരക്ഷ രാജ്യത്തിന് പ്രധാനപ്പെട്ട പ്രശ്നമായി മാറുമ്പോൾ അതിനുള്ള പ്രത്യേക അവബോധം ജനങ്ങളിൽ ഉണ്ടാക്കുന്നതിന് എന്തെല്ലാം പരിപാടികളാണ് സർക്കാരിന്റെ മുമ്പിലുള്ളത്; തീരദേശ സുരക്ഷാഫണ്ട് ഉപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, തീരസംരക്ഷണത്തിന് നാവികസേന, കസ്റ്റംസ്, കോസ്റ്റ് ഗാർഡ് തുടങ്ങിയ നിരവധി സംവിധാനങ്ങളുണ്ട്. ദേശീയതലത്തിൽ പ്രവർത്തിക്കുന്ന അത്തരം സംവിധാനങ്ങളുമായി യോജിച്ചു കൊണ്ടുതന്നെ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലുള്ള ഇടപെടൽ മറൈൻ പോലീസിന്റെ ഭാഗത്തുനിന്ന് ഉണ്ടാകും.

<u>ശ്രീ. കെ. രാജൻ</u>: സർ, മഞ്ചേശ്വരം മുതൽ പൂവാർവരെയുള്ള 583 കിലോമീറ്റർ കടൽത്തീരത്തിന്റെ സംരക്ഷണം നേരത്തേ കോസ്റ്റൽ പോലീസിനായിരുന്നു. അവിടെനിന്നാണ് തീവ്രവാദഭീഷണിയിൽനിന്നും കേരളത്തിന്റെ കടൽതീരത്തെ സംരക്ഷിക്കാനുള്ള ഒരു പ്രത്യേക സുരക്ഷാസേന എന്ന നിലവാരത്തിൽ വളരെ അഭിനന്ദനാർഹമായ തരത്തിൽ മറൈൻ കേഡറിലേയ്ക്ക് നമ്മൾ മാറിയത്. ഇതുമായി ബന്ധപ്പെട്ട ജീവനക്കാരുടെ കുറവുകൾ ചില ചർച്ചകളിൽ ഉയർന്നിട്ടുണ്ട്. അതുപോലെ ആദ്യമായി പ്രഖ്യാപിച്ച 8 സ്റ്റേഷനുകളിലാണ് 24 പട്രോളിംഗ് ബോട്ടുകൾ ഇപ്പോഴുള്ളതെന്നും ചർച്ചചെയ്യപ്പെടുന്നു. ഇങ്ങനെ, തീരദേശത്തെ തീവ്രവാദഭീഷണിയിൽനിന്നും സംരക്ഷിക്കാൻ ഒരു പ്രത്യേക മറൈൻ കേഡർ സംവിധാനം ആലോചിക്കുമ്പോൾ, ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ വിഹിതം എത്രയാണ് നമുക്കു

ലഭിക്കുന്നതെന്നും നമ്മുടെ പരിമിതികളിൽ നിന്നുകൊണ്ട് അതിനെ വിലയിരുത്താനോ വിപുലീകരിക്കാനോ ആവശ്യമായിട്ടുള്ള കൂടുതൽ വിഹിതം കേന്ദ്രസർക്കാരിൽനിന്നും ലഭ്യമാക്കാനുമുള്ള ഏതെങ്കിലും തരത്തിലുള്ള പരിപാടികൾ സർക്കാർ ആലോചിച്ചിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇപ്പോൾ 8 തീരദേശ പോലീസ് സ്റ്റേഷനുകളാണ് പ്രവർത്തിക്കുന്നത്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ നേരത്തേയുണ്ടായിരുന്ന തീരസംരക്ഷണ വിഭാഗമാണ് മറൈൻ കേഡറിൽ ഉൾപ്പെടുത്തി ഒരു പ്രത്യേക സംവിധാനമായി രൂപം കൊണ്ടിട്ടുള്ളത്. കേന്ദ്രഗവൺമെന്റ് ഇതുപോലുള്ള കാര്യങ്ങളിൽ ആവശ്യമായ സഹായം നൽകുന്നുണ്ട്. തുടർന്നും സഹായം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബോംബെ ഭീകരാക്രമണത്തിന് ശേഷമാണ് കോസ്റ്റൽ പോലീസിനെ സജീവമാക്കാനുള്ള തീരുമാനം കേന്ദ്രഗവൺമെന്റ് എടുത്തത്. അതിന്റെ അടിസ്ഥാനത്തിലാണ് എല്ലാ സംസ്ഥാനങ്ങൾക്കും ഈ നിർദ്ദേശം കൊടുത്തത്. അതിന്റെ ഭാഗമായി കൊച്ചിയിലെ മട്ടാഞ്ചേരിയിൽ കോസ്റ്റൽ പോലീസിന് ഒരു സെൻട്രൽ

ഹെഡ്ക്വാർട്ടേഴ്സിനുള്ള നിർമ്മാണപ്രവർത്തനം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചത്, റഡാർ ഉൾപ്പെടെയുള്ള സൗകര്യങ്ങളോടുകൂടി കടൽ കടന്നുവരുന്ന തീവ്രവാദ പ്രവർത്തനങ്ങളെ തടയുക എന്ന ലക്ഷ്യത്തോടുകൂടിയായിരുന്നു. അതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതുനിലയിലാണ്, അത് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, കൊച്ചിയിൽ ഒരു പ്രധാന കേന്ദ്രം ഉയർന്നു വരണമെന്നുള്ളത് ശരിയാണ്. അതുമായി ബന്ധപ്പെട്ട നടപടികൾ തുടരുന്നുണ്ട്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, കടൽത്തീരം വഴിയുള്ള ഭീകരാക്രമണം നമ്മുടെ രാജ്യത്തിന് വലിയ ഭീഷണിയായി മാറിയിരിക്കുകയാണ്. ബോംബെ തീവ്രവാദ അക്രമണത്തിന്റെകൂടി പശ്ചാത്തലത്തിലാണ് അന്നത്തെ സംസ്ഥാന സർക്കാരിന്റെ സഹായത്തോടുകൂടി കേന്ദ്രസർക്കാർ കണ്ണൂർ ജില്ലയിലെ ഇരണാവിൽ ഏഷ്യയിലെ ഏറ്റവും വലിയ കോസ്റ്റ്ഗാർഡ് അക്കാഡമിക്ക് 2013 ജൂൺ മാസം തറക്കല്ലിട്ടത്. തറക്കല്ലിട്ടതല്ലാതെ കഴിഞ്ഞ ആറുവർഷമായി അവിടെ യാതൊരു കാര്യവും നടന്നിട്ടില്ല. ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി തീരദേശ സംരക്ഷണത്തിനാവശ്യമായ കോസ്റ്റ്ഗാർഡ് അക്കാഡമി യാഥാർത്ഥ്യമാക്കാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അത് പ്രത്യേകം പരിശോധിക്കാം.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, മറൈൻ കേഡർ രൂപീകരിക്കുന്നത് നല്ല കാര്യമാണ്. കാരണം നമുക്ക് ഫലപ്രദമായി കാര്യങ്ങൾ ചെയ്യാൻ സാധിക്കും. പക്ഷെ തീരദേശവാസികൾ പ്രത്യേകിച്ചും മത്സ്യത്തൊഴിലാളികൾ വളരെ ധീരദേശാഭിമാനികളും എല്ലാവിധത്തിലുള്ള വിഘടനവാദങ്ങളെയും തീവ്രവാദങ്ങളെയുമൊക്കെ നേരിട്ട ചരിത്രമുള്ളവരാണ്. നല്ല ആരോഗ്യവാൻമാരും മത്സ്യബന്ധനം കഴിഞ്ഞ് ധാരാളം സമയം ഒഴിവുള്ളവരുമാണ്. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ, അവരെ സംഘടിപ്പിച്ചുകൊണ്ട് കേന്ദ്രസഹായത്തോടുകൂടിയോ അല്ലാതെയോ അവർക്ക് സ്റ്റൈപന്റോ മറ്റ് കാര്യങ്ങളോ നൽകി ഒരു സന്നദ്ധസംഘടന സംഘടിപ്പിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അത്തരത്തിലൊരു നിർദ്ദേശം ഇതുവരെ ഉയർന്നുവന്നിട്ടില്ല. എന്താണെന്നുള്ളത് പരിശോധിക്കാം.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, തീരദേശസംരക്ഷണവുമായി ബന്ധപ്പെട്ട് നാവികസേന വലിയ പങ്ക് വഹിക്കുന്നുണ്ട്. അവരുടെ കേന്ദ്രത്തിൽ കോസ്റ്റൽ പോലീസിലുള്ള ഒരാളുടെ സാന്നിദ്ധ്യം 24 മണിക്കൂറുമുണ്ട്. ആ നിലയിൽ കേരളത്തിലൊട്ടാകെ സംയുക്തമായി കാര്യങ്ങൾ നീക്കുന്നതിന്

തീരസംരക്ഷണസേനയെ ശക്തിപ്പെടുത്താനായി ഗവൺമെന്റ് എന്തെങ്കിലും തീരുമാനം എടുക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, തീരസംരക്ഷണം ശക്തിപ്പെടുത്തുകയെന്നുള്ളതാണ് ഇതിന്റെയെല്ലാം ഉദ്ദേശ്യം. അതിനാവശ്യമായ നടപടികൾ ഇപ്പോൾ സ്വീകരിക്കുന്നുണ്ട്, തുടർന്നും ശക്തമായ നടപടി സ്വീകരിക്കുന്നതാണ്.

## സപ്ലൈകോ പദ്ധതികൾ

(*305 ) ശ്രീ.മുഹമ്മദ് മുഹാസിൻ. പി:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ.എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റുകൾ ഇല്ലാത്ത പ്രദേശങ്ങളിൽ വാഹനങ്ങളിൽ സപ്ലൈകോ ഉൽപ്പന്നങ്ങളും അരിയും എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ഓണക്കാലത്ത് വില വർദ്ധനവ് തടയാനായി സപ്ലൈകോ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ,

(എ) സപ്ലൈകോയുടെ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ എന്ന പദ്ധതി പ്രധാനമായും പിന്നോക്ക മലയോര പ്രദേശങ്ങൾ, ആദിവാസി മേഖലകൾ, തീരദേശമേഖലകൾ തുടങ്ങിയ ഭൂമിശാസ്ത്രപരമായും, സാമൂഹ്യപരമായും പിന്നോക്കം നിൽക്കുന്ന മേഖലകളിലെ ജനങ്ങൾക്ക് അവശ്യസാധനങ്ങൾ ന്യായവിലയ്ക്ക് എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് പ്രവർത്തിക്കുന്നത്. സപ്ലൈകോയുടെ വിൽപ്പനശാലകൾ ഇല്ലാത്ത 14 പഞ്ചായത്തുകളിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ നിലവിൽ സേവനം നടത്തുന്നുണ്ട്.

(ബി) ഓണക്കാലത്ത് ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന്റെ ഭാഗമായി ജില്ലാ ഫെയറുകളും, താലൂക്കുതല ഫെയറുകളും, പ്രത്യേക ഓണച്ചന്തകളും നടത്തുന്നതും സപ്ലൈകോ വിൽപ്പനശാലകളോടനുബന്ധിച്ച് ഓണം മിനി ഫെയറുകളും, വിൽപ്പനശാലകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സ്പെഷ്യൽ മിനി ഫെയറുകളും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

സ്പെഷ്യൽ ഫെയറുകളിലൂടെയും വിൽപ്പനശാലകളിലൂടെയും ശരാശരി 40% വരെ വിലക്കുറവിൽ 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങളും പൊതുവിപണിയേക്കാൾ 10 മുതൽ 20% വരെ വിലക്കുറവിൽ 28 ഇനം ഫ്രീസെയിൽ സബ്സിഡി

സാധനങ്ങളും ലഭ്യമാക്കുന്നതാണ്. സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വിലക്കുറവിൽ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങളും ലഭ്യമാക്കുന്നതാണ്. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG (Fast Moving Consumer Goods) ഉൽപ്പന്നങ്ങളും MRP യേക്കാൾ/മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതാണ്.

<u>ശ്രീ. മുഹമ്മദ് മുഹാസിൻ. പി</u> : സർ, ജി.എസ്.ടി.-യുടേയും നോട്ട് നിരോധനത്തിന്റെയും ഭാഗമായി വില കുതിച്ചുയർന്നപ്പോൾ സാധാരണക്കാർക്ക് ഓണക്കാലത്ത് മിതമായ വിലയിൽ സാധനങ്ങൾ ലഭ്യമാക്കാനുള്ള സർക്കാരിന്റെ പ്രവർത്തനങ്ങൾ ഏറ്റവും അഭിനന്ദനാർഹമാണ്. ഇപ്പോൾ ഏറ്റവും കൂടുതൽ വളർന്നുവരുന്ന മാർക്കറ്റിംഗാണ് ഓൺലൈൻ മാർക്കറ്റിംഗ്. ആളുകൾക്ക് ആവശ്യമുള്ള സാധനങ്ങൾ അവരുടെ വിരൽത്തുമ്പിൽ എത്തുന്ന സംവിധാനമാണിത്. പലപ്പോഴും കോർപ്പറേറ്റുകൾ നടത്തുന്ന ഓൺലൈൻ കാർട്ടുകളാണ് ഇത് ചെയ്യുന്നത്. ഓൺലൈൻ വിപണിയിൽ സപ്ലൈകോ ഇടപെട്ടുകൊണ്ട് ന്യായമായ വിലയ്ക്ക് ആളുകൾക്ക് വീട്ടിലേയ്ക്ക് സാധനങ്ങൾ

എത്തിക്കാനുള്ള സംവിധാനം ഒരുക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഓൺലൈൻ മാർക്കറ്റിംഗ് ഇപ്പോൾ വളരെ വിപുലമായി നടന്നുകൊണ്ടിരിക്കുകയാണ്. താമസിയാതെ ഇപ്പോൾ ഉള്ളതിനേക്കാൾ ഇരട്ടിയിലധികം വർദ്ധിക്കാനുള്ള സാഹചര്യമുണ്ടെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. അതിന്റെയടിസ്ഥാനത്തിൽ ആ രംഗത്ത് ഉപഭോക്താക്കളുടെ താൽപര്യം സംരക്ഷിക്കാനാവശ്യമായ ഇടപെടലുകൾ സർക്കാർ നടത്തുന്നതിനെക്കുറിച്ച് പ്രാഥമികമായ ഒരു ആലോചന നടത്തിയിരുന്നു. തീർച്ചയായിട്ടും അത് ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകണമെന്നാണ് ആഗ്രഹിക്കുന്നത്. സപ്ലൈകോയുടെ ഉത്പ്പന്നങ്ങൾ പരമാവധി ജനങ്ങളിലേയ്ക്ക് എത്തിക്കാനാവശ്യമായ തന്ത്രങ്ങൾ മറ്റുതരത്തിലും സർക്കാർ ആലോചിച്ചുവരുന്നുണ്ട്.

<u>ശ്രീ. മുഹമ്മദ് മുഹാസിൻ. പി</u> : സർ, കൃഷിവകുപ്പുമായി ചേർന്നുകൊണ്ട് ജൈവകൃഷി പരമാവധി പ്രോത്സാഹിപ്പിക്കുകയും ജൈവകൃഷിയിൽനിന്ന് ഉണ്ടാകുന്ന ഉത്പ്പന്നങ്ങൾ നേരിട്ട് സപ്ലൈകോ വഴി ആളുകൾക്ക് വിതരണം ചെയ്യുവാനുള്ള സംവിധാനത്തെ കുറിച്ച് ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടിയാണ്

സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. പി. തിലോത്തമൻ: സർ, കൃഷിവകുപ്പിന്റെ ജൈവ പച്ചക്കറി ഉത്പ്പന്നങ്ങൾ Vegetable and Fruit Promotion Council Keralam (VFPCK), ഹോർട്ടികോർപ്പ് തുടങ്ങിയ ഏജൻസികളാണ് മാർക്കറ്റുകൾ തുറന്ന് ജനങ്ങളിലേയ്ക്കെത്തിക്കുന്നത്. എന്നാൽ ഈ ഓണക്കാലത്ത് സപ്ലൈകോ ഒരുക്കുന്ന മുഴുവൻ ഓണച്ചന്തകളിലും VFPCK സംഭരിക്കുന്ന ജൈവപച്ചക്കറി ഉൽപ്പന്നങ്ങൾ വിപണനം നടത്താനുള്ള സൗകര്യങ്ങളേർപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം തന്നെ കൺസ്യൂമർഫെഡിന്റെ ഓണച്ചന്തകളിലും അത്തരം സ്റ്റാളുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ ഈ പ്രവർത്തനങ്ങളാകെ ഏകോപിപ്പിച്ചുകൊണ്ടുപോകാനാണ് ഈ ഓണക്കാലത്ത് ലക്ഷ്യം വയ്ക്കുന്നത്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ): സർ, കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ക്ലസ്റ്ററുകൾ രൂപീകരിച്ചുകൊണ്ട് ജൈവകൃഷി ചെയ്യുന്ന, ഗുഡ് അഗ്രികൾച്ചർ പ്രാക്ടീസിന്റെ അടിസ്ഥാനത്തിൽ കൃഷിചെയ്യുന്ന കർഷകരുടെ ഉത്പ്പന്നങ്ങൾ ഇപ്പോൾ കേരളാ ഓർഗാനിക് എന്ന ബ്രാൻഡിൽ 55 ഇക്കോഷോപ്പുകൾ വഴിയാണ് വിൽപ്പന നടത്തുന്നത്. അത് 200 ഇക്കോഷോപ്പുകളാക്കി വർദ്ധിപ്പിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ

പുതിയ ഇക്കോഷോപ്പുകൾ ആരംഭിക്കാൻ പോകുകയാണ്. അതിനുപുറമേ ക്ലസ്റ്ററുകളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് ആവശ്യമായി വരികയാണെങ്കിൽ സപ്ലൈകോയുമായി ആലോചിച്ചുകൊണ്ട് അവരുടെ ഷോപ്പുകളിലും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ:</u> സർ, പൊതുവിതരണ രംഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഭക്ഷ്യ വകുപ്പും ഈ ഗവൺമെന്റും വളരെ നല്ല നിലയിലാണ് മുന്നോട്ട് പോകുന്നത്. ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കിയതിനുശേഷം കേരളത്തിൽ നടപ്പിലാക്കിയ വാതിൽപ്പടി വിതരണത്തിന്റെ ഭാഗമായി ധാരാളം അരി മിച്ചമുണ്ടാകുകയും അത് ആളുകൾക്ക് എത്തിച്ചുകൊടുക്കാനും കഴിയുന്നുണ്ട്. ഈ ഓണക്കാലത്ത് ഭക്ഷ്യവകുപ്പ് നടപ്പിലാക്കാൻ പോകുന്ന കാര്യങ്ങളെ സംബന്ധിച്ച് വളരെ വിശദമായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. സഞ്ചരിക്കുന്ന മാവേലി സ്റ്റോർ എന്ന നിലയിൽ ഒരു വാഹനം മാത്രമാണ് ഇപ്പോൾ പല നിയോജകമണ്ഡലങ്ങളിലുമുള്ളത്. അത് ആളുകൾക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്നുണ്ട്. ധാരാളം സ്ഥലങ്ങളിൽ നല്ല വില്പനയും നടക്കുന്നുണ്ട്. ഓണക്കാലത്തെ വില നിയന്ത്രിച്ചുനിർത്താനും ആളുകൾക്ക് ആവശ്യംപോലെ ഭക്ഷ്യസാധനങ്ങൾ വാങ്ങാനും കഴിയത്തക്കവിധം ഈ

സംവിധാനം വ്യാപകമാക്കാൻ ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, സംസ്ഥാനത്താകെ സപ്ലൈകോയുടെ 1534 ഔട്ട്ലറ്റുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ നിരവധി മാവേലി സ്റ്റോറുകൾ തുടങ്ങാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ കുറച്ച് കഴിഞ്ഞ ദിവസങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവ ഇനി ആരംഭിക്കുന്നതാണ്. ഓരോ പ്രദേശങ്ങളിൽ നിന്നും മാവേലി സ്റ്റോറുകളുടെ ധാരാളം ഡിമാന്റുകൾ വരുന്നുണ്ട്. ആദിവാസി മേഖല, തീരദേശ മേഖല, മാവേലി സ്റ്റോറില്ലാത്ത പഞ്ചായത്തുകൾ എന്നിവയ്ക്കുവേണ്ടിയാണ് ഇപ്പോൾ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ അപ്ലൈ ചെയ്യുന്നത്. ഇപ്പോൾ 30 പഞ്ചായത്തുകളിലാണ് മാവേലി സ്റ്റോറുകളില്ലാത്തത്. ഈ 30 പഞ്ചായത്തുകളിലും അവശ്യസാധനങ്ങൾ എത്തിക്കാനുള്ള സംവിധാനം ഒരുക്കുന്നുണ്ട്. ഓണത്തോടനുബന്ധിച്ച് ഈ പഞ്ചായത്തുകളിലും സ്പെഷ്യൽ ഓണച്ചന്തകൾ പ്ലാൻ ചെയ്തിട്ടുണ്ട്. കൂടുതൽ സ്ഥലത്ത് വാഹനങ്ങളിൽ ഉല്പന്നങ്ങൾ എത്തിക്കേണ്ടതുണ്ടെങ്കിൽ തീർച്ചയായും അത് പരിശോധിക്കും.

ശ്രീമതി ഗീതാ ഗോപി: സർ, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിനുകീഴിലുള്ള സപ്ലൈകോ വഴി ഓണച്ചന്തകൾ തുറക്കാൻ പോകുകയാണ്. ഇതുസംബന്ധിച്ച് ജനങ്ങൾക്ക് അവശ്യ സാധനങ്ങൾ കൃത്യസമയത്ത് ലഭ്യമാക്കാത്ത സാഹചര്യം

വരികയാണെങ്കിൽ അവരുടെ പരാതികൾ പരിഹരിക്കുന്നതിന് കാൾ സെന്റർ ഓൺ ലൈൻ പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ആ സംവിധാനങ്ങളൊക്കെ ഇപ്പോൾത്തന്നെ നിലവിലുണ്ട്. ഓണക്കാലത്ത് ഒരു സ്ഥലത്തും അവശ്യസാധനത്തിന്റെ ഷോർട്ടേജ് ഉണ്ടാകാതിരിക്കാനുള്ള മുന്നൊരുക്കങ്ങളെല്ലാം നടത്തിയിട്ടുണ്ട്. എവിടെയെങ്കിലും എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ ആ വിവരം പെട്ടെന്നുതന്നെ അറിയിക്കാനുള്ള സംവിധാനങ്ങൾ ഇപ്പോൾത്തന്നെ ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. എൽദോ എബ്രഹാം: സർ, വിലക്കയറ്റം പിടിച്ചുനിർത്താൻ ഏറ്റവും ക്രിയാത്മകമായ നടപടി സ്വീകരിച്ച ഗവൺമെന്റിനും മന്ത്രിക്കും ഈ സന്ദർഭത്തിൽ അഭിനന്ദനങ്ങൾ അറിയിക്കുകയാണ്. അരിയുടെ വില വർദ്ധിച്ച സന്ദർഭത്തിൽ മാവേലി സ്റ്റോറുകളോട് ചേർന്ന് സപ്ലൈകോയുടെ നേതൃത്വത്തിൽ അരിക്കടകൾ ആരംഭിക്കുകയുണ്ടായി. ഓണം അടുത്തുവരുമ്പോൾ സംസ്ഥാനത്ത് അരിക്കടകൾ വ്യാപിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. തിലോത്തമൻ: സർ, ഈ ഓണക്കാലത്ത് പ്രത്യേക അരിക്കടകൾ വേണമെന്നില്ല. എല്ലാ ഫെയറുകളിലും ആവശ്യത്തിന് അരി വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ആവശ്യത്തിനുള്ള അരി സ്റ്റോക്കുണ്ട്.

നാളെ മുതൽ ആന്ധ്രയിൽനിന്നും അരി വരുന്നതാണ്. അതുകൊണ്ട് അരിയുടെ കാര്യത്തിൽ യാതൊരു പ്രയാസവും ഉണ്ടാകില്ലെന്ന് മാത്രമല്ല ഈ ഓണക്കാലത്ത് ഒരു കാരണവശാലും അരി വില കൂടുകയുമില്ല.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, ഓണവും ബക്രീദും ഗണേശോത്സവവും ഒരുമിച്ചാണ് വരുന്നത്. വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി ഭക്ഷ്യ വകുപ്പും കൃഷി വകുപ്പും സഹകരണ വകുപ്പും ചേർന്ന് നടത്തുന്ന നടപടി ഏറ്റവും ശ്ലാഘനീയമാണ്. ഭക്ഷ്യ വസ്തുക്കളിൽ ജി.എസ്.ടി. ബാധകമാക്കിയിട്ടില്ലെന്നാണ് പറഞ്ഞത്. ഗവൺമെന്റിന്റെ സഹായത്തോടെ നടത്തുന്ന ഒരു സ്ഥാപനമാണ് കോഫി ഹൗസ്. അവിടെ ചായയ്ക്ക് 8 രൂപയായിരുന്നു വില. ജി.എസ്.ടി. വന്നപ്പോൾ അവർ 9 രൂപയാക്കി. ഇപ്പോൾ ജി.എസ്.ടി.-യും ചേർത്ത് 10 രൂപയാണ് വാങ്ങുന്നത്. ഈ സ്ഥാപനം തീവെട്ടി കൊള്ളയാണ് നടത്തുന്നതെന്നുള്ള കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. തിലോത്തമൻ: സർ, ജി.എസ്.ടി. വന്നതോടെ ചായയ്ക്കും ഹോട്ടൽ ഭക്ഷണത്തിനുമൊക്കെ അല്പം വില കൂടിയെന്നുള്ളത് ശരിയാണ്. കോഫി ഹൗസിനെ നിയന്ത്രിക്കാനൊന്നും സർക്കാരിന് കഴിയില്ല. കോഫി ഹൗസ് എവിടെ ആരംഭിച്ചാലും ജനങ്ങൾ വളരെ സ്വീകാര്യമായി അതിനെ നെഞ്ചേറ്റുന്നതായിട്ടാണ്

കാണുന്നത്. ന്യായമായ വിലയ്ക്ക് നല്ല ഭക്ഷണം കൊടുക്കുന്ന സ്ഥാപനമായിട്ടാണ് ജനങ്ങൾ അതിനെ കാണുന്നത്. തീവെട്ടികൊള്ള നടത്തുന്നുവെന്ന് പറയുന്നത് ശരിയല്ല.

ശ്രീ. സണ്ണി ജോസഫ്: സർ, റേഷൻ കാർഡുകളിൽ വന്നിട്ടുള്ള അപാകതകൾ അതായത് മുൻഗണനാ പട്ടികയിൽ വരേണ്ടവരെ ഒഴിവാക്കുകയും അയോഗ്യർ ആ പട്ടികയിൽ കടന്നുകൂടുകയും ചെയ്ത നിരവധി പരാതികളുണ്ട്. ആ പരാതികൾ പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. പി. തിലോത്തമൻ: സർ, മുൻഗണനാ പട്ടികയുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷമുള്ള ആക്ഷേപങ്ങൾ ഗവൺമെന്റിന്റെ മുന്നിൽ വന്നിട്ടുണ്ട്. റേഷൻ കാർഡ് വിതരണം ചെയ്യുന്ന ഘട്ടത്തിൽ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും വ്യക്തികളും നൽകിയ ആക്ഷേപങ്ങൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ അനർഹരെ ഒഴിവാക്കുന്നതിന് എ.ആർ.ഡി.-കളുടെ പിന്തുണ വാങ്ങിക്കൊണ്ട് ആ പ്രോസസ് മുന്നോട്ട് കൊണ്ടുപോകുകയാണ്. അതിന്റെ ആദ്യ ഘട്ടത്തിൽ 1,02,000 അനർഹരായ കാർഡുകാരെ കണ്ടെത്താൻ കഴിഞ്ഞിരുന്നു. അതിനുശേഷം സർക്കാർ-അർദ്ധ സർക്കാർ ജീവനക്കാർ, സഹകരണ ബാങ്ക്

ജീവനക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ എന്നിവർക്ക് കാർഡ് സറണ്ടർ ചെയ്യാൻ അവസരം നൽകിയതിലൂടെ ഇന്നലെ വരെ ഏകദേശം 75,482 കാർഡുകൾ സറണ്ടർ ചെയ്തിട്ടുണ്ട്. സറണ്ടർ ചെയ്യുന്നതിനുള്ള തീയതി കുറച്ചുകൂടി നീട്ടിത്തരണമെന്ന ആവശ്യം എല്ലാ ഭാഗത്തുനിന്നും വരുന്നുണ്ട്. അപേക്ഷ നൽകി കാത്തിരിക്കുന്ന അർഹതപ്പെട്ട ആളുകളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>മി. സ്പീക്കർ</u>: നിയമസഭാ അംഗങ്ങൾക്ക് ലഭിച്ച കാർഡുകളിൽ തെറ്റുകൾ വന്നിട്ടുണ്ടെങ്കിൽ അവ എത്രയും വേഗം സറണ്ടർ ചെയ്ത് തിരുത്തേണ്ടതാണെന്ന് ചെയർ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. സി. കൃഷ്ണൻ</u>: സർ, അവശ്യസാധനങ്ങളുടെ വിതരണവുമായി ബന്ധപ്പെട്ട് 38 പഞ്ചായത്തുകളിൽ ഇപ്പോഴും മാവേലി സ്റ്റോറുകളില്ലെന്ന് മന്ത്രി പറയുകയുണ്ടായി. ചില വലിയ പഞ്ചായത്തുകളിൽ ഒന്നിലധികം മാവേലി സ്റ്റോറുകളാകാമെന്ന നിലപാട് നേരത്തെ സ്വീകരിച്ചിരുന്നു. അത്തരത്തിൽ കൂടുതൽ മാവേലി സ്റ്റോറുകൾ അനുവദിക്കുമോ? അതോടൊപ്പം സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ഫലപ്രദമായ ഒരു സംവിധാനമാണ്. മാവേലി സ്റ്റോറുകളില്ലാത്ത പഞ്ചായത്തുകളിൽ മാത്രമായി സഞ്ചരിക്കുന്ന മാവേലി സ്റ്റോറിനെ

പരിമിതപ്പെടുത്തുന്നതിന് പകരം എല്ലാ പഞ്ചായത്തുകളിലും ഈ സംവിധാനം ഏർപ്പെടുത്തിയാൽ അത് ജനങ്ങൾക്ക് സഹായകരമാകുമെന്നതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. പി. തിലോത്തമൻ: സർ, മാവേലി സ്റ്റോറുകളില്ലാത്ത 30 പഞ്ചായത്തുകളാണ് ഇപ്പോഴുള്ളത്. ഈ സാമ്പത്തിക വർഷംതന്നെ ടി പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഒന്നിലധികം മാവേലി സ്റ്റോറുകളുള്ള പഞ്ചായത്തുകളുമുണ്ട്. ഒന്നും രണ്ടും മാവേലി സ്റ്റോറുകളുള്ള പഞ്ചായത്തുകളിൽ മൂന്നാമതൊരെണ്ണം കൂടി ആവശ്യപ്പെടുമ്പോൾ അവിടെ എത്രത്തോളം വില്പന നടക്കുമെന്നത് സംബന്ധിച്ച് പഠനം നടത്തിയതിനുശേഷം മാത്രമേ കൊടുക്കാൻ സാധിക്കുകയുള്ളൂ. തീരദേശ മേഖലകൾ, ആദിവാസി മേഖലകൾ എന്നീ പ്രധാനപ്പെട്ട ചില പിന്നോക്ക പ്രദേശങ്ങളിലെ സപ്ലൈകോ ഔട്ട്ലറ്റുകൾ വളരെ ദൂരത്തായതിനാലാണ് സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ഏർപ്പെടുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ എവിടെയാണ് വേണ്ടതെന്ന് അറിയിച്ചാൽ അത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ഓണക്കിറ്റുകളുടെ വിതരണത്തിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; മഞ്ഞ, പിങ്ക് കാർഡുടമകൾക്ക് സൗജന്യ ഓണക്കിറ്റ് വിതരണം ചെയ്യുന്ന നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ഓണം ലക്ഷ്യംവച്ചുകൊണ്ട് നല്ല ഒരുക്കങ്ങളാണ് സപ്ലൈകോ ഇത്തവണ നടത്തിയിട്ടുള്ളത്. 14 ജില്ലാ കേന്ദ്രങ്ങളിലെയും മെഗാ ഫെയറുകളുടെ ഉദ്ഘാടനം ഈ മാസം 19, 20 തീയതികളിൽ പൂർത്തിയായി. തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് 15-ാം തീയതി ബഹുമാന്യനായ മുഖ്യമന്ത്രി മെഗാ ഫെയർ ഉദ്ഘാടനം ചെയ്തു. എല്ലാ ഫെയറുകളും വളരെ ഫലപ്രദമായി നടക്കുന്നുണ്ടെന്നാണ് അറിയാൻ സാധിച്ചത്. മണ്ഡലം, താലൂക്ക് ഫെയറുകളും അതുകഴിഞ്ഞ് പഞ്ചായത്ത് ഫെയറുകളും ഓരോ ഔട്ട്‌ലറ്റ് കേന്ദ്രീകരിച്ച് മിനി ചന്തകളും ഒരാഴ്ചയ്ക്കുള്ളിൽ പ്രാവർത്തികമാക്കുന്നതാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, കാണം വിൽക്കാതെ ഓണമുണ്ണാനും ബക്രീദ് ആഘോഷിക്കാനും ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നതിൽ സന്തോഷമുണ്ട്. പക്ഷേ ഇതിന്റെ അണിയറയിൽ പ്രവർത്തിക്കുന്ന ദിവസ വേതനക്കാരായ തൊഴിലാളികളുടെ വേതനം വളരെ പരിമിതമാണ്. പ്രത്യേകിച്ച്

പാക്കിംഗ് വിഭാഗത്തിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് പായ്ക്ക് ചെയ്യുന്ന കവറിനനുസരിച്ചാണ് വേതനം കൊടുക്കുന്നത്. ഇവർക്ക് ന്യായമായ വേതനം കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ഈ വിഷയത്തിൽ ഒരു വർഷത്തിനുമുമ്പാണ് വർദ്ധനവുണ്ടായത്. ഇത്തവണയും ന്യായമായ വർദ്ധനവുണ്ടാകണമെന്ന് പറയുമ്പോൾ അത് സപ്ലൈകോയ്ക്ക് താങ്ങാൻ കഴിയുന്നതായിരിക്കണം. വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

## വനിതാ ഷൂട്ടിംഗ് താരത്തെ അധിക്ഷേപിച്ച ഉദ്യാഗസ്ഥർക്കെതിരെ നടപടി

(*306) ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഷൂട്ടിംഗ് താരത്തെ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ തടഞ്ഞുനിർത്തി അധിക്ഷേപിച്ച സംഭവത്തെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; തടഞ്ഞുനിർത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണ്;

വ്യക്തമാക്കുമോ;

(ബി) ജർമ്മനിയിൽവച്ച് നടന്ന ലോക ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത് ഡൽഹിയിൽ വന്നിറങ്ങിയപ്പോൾത്തന്നെ രേഖകളെല്ലാം പരിശോധിച്ച് യാത്രാനുമതി ലഭിച്ച കുമാരി സെയ്റയ്ക്ക് സ്വന്തം സംസ്ഥാനത്തെ എയർപോർട്ടിൽ അധിക്ഷേപം ഏൽക്കാൻ കാരണക്കാരായ ഉദ്യോഗസ്ഥരിൽ മലയാളി ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) കേരളത്തിനുതന്നെ അപമാനകരമായ പ്രസ്തുത സംഭവം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ,

(എ & ബി) ദേശീയ ഷൂട്ടിംഗ് താരത്തെ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ തടഞ്ഞുനിർത്തി അധിക്ഷേപിച്ച സംഭവത്തെ സംബന്ധിച്ച് നിലവിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല. വിമാനത്താവളത്തിനകത്ത് സുരക്ഷാ സംവിധാനങ്ങളുടെ ചുമതല കേന്ദ്ര

ഏജൻസികൾക്കാണ്. പ്രസ്തുത സംഭവത്തിന്റെ മറ്റ് വിവരങ്ങൾ ലഭ്യമല്ല.

(സി) പരാതി ലഭിക്കുകയാണെങ്കിൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ഡോ. എൻ. ജയരാജ്: സർ, അങ്ങയുടെ മറുപടിയിൽ പരാതി ലഭിച്ചില്ലെന്നാണ് സൂചിപ്പിച്ചത്. ദേശീയ തലത്തിൽ പങ്കെടുക്കുന്ന കായിക താരങ്ങൾ തീർച്ചയായും നമ്മുടെ അഭിമാനങ്ങളാണ്. ജർമ്മനിയിൽവച്ച് നടന്ന ലോക ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തശേഷം വിമാനത്താവളത്തിൽ വന്നിറങ്ങിയ കുമാരി സെയ്റയെ സുരക്ഷാ ഉദ്യോഗസ്ഥന്മാർ തടഞ്ഞുവച്ചുവെന്ന് ദേശീയ വാർത്താ മാധ്യമങ്ങളിലെല്ലാം വന്നിരുന്നു. അതിന് അവരുടെ ഭാഗത്തുനിന്നും പരാതിയുണ്ടായില്ലെങ്കിലും അവർക്ക് പ്രത്യേക പരിഗണന നൽകാതെ ഇതുപോലെ വാർത്തകളിലേയ്ക്ക് കൊണ്ടുവരുന്നത് സംസ്ഥാനത്തിനും കായികലോകത്തിനും അപമാനമാണ്. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയോ അല്ലെങ്കിൽ കായിക വകുപ്പ് ഇക്കാര്യത്തിൽ ബന്ധപ്പെട്ട വിമാനത്താവളത്തിലെ ഉദ്യോഗസ്ഥന്മാർക്കോ മേലധികാരികൾക്കോ ആവശ്യമായ നിർദ്ദേശങ്ങൾ നൽകാൻ തയ്യാറാകുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാന്യനായ അംഗത്തിന്റെ വികാരത്തോടൊപ്പം യോജിക്കാം. പക്ഷേ വിമാനത്താവളത്തിനകത്തുള്ള സുരക്ഷാ ക്രമീകരണങ്ങളിൽ സംസ്ഥാന ഗവൺമെന്റിന് പ്രത്യേക പങ്കില്ല, അത് പ്രത്യേക ഏജൻസിയാണ് നിർവ്വഹിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെങ്കിൽ അതുമായി ബന്ധപ്പെട്ട ഉത്തരവാദപ്പെട്ട കേന്ദ്രങ്ങളെ അറിയിക്കാമായിരുന്നു. അതുണ്ടാകാത്തതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട മറ്റ് നടപടികളൊന്നും സ്വീകരിക്കാൻ കഴിയില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു.)